# അന്ത്യയാമത്തിൽ വിരിഞ്ഞ പൂവ്

5166

Jawahar Balbhavan & Children's Library,
KOTTAYAM.

ഏററുമാനൂർ സോമദാസൻ

വില 1—75

വിതരണം

വിദ്യാർത്ഥിമിത്രം ബുക്കുഡിപ്പോ:
ബേക്കർ റോഡ് : : കോട്ടയം.

(Malayalam)

# ANTHYA YAMATHIL VIRINJA POOVU

(POEMS)

By ETTUMANOOR SOMADASAN
N. S. S. HINDU COLLEGE
CHANGANACHERRY, KERALA.

MA10

**First Edition: July 1969**
**Price Rs. 1—75**
*Copyright reserved by the Author*

Printed at:
The St. George Press, Kottayam.

Published by
**Auroville Publishers, Kottayam—1.**

Distributors:
**Vidyarthi Mithram Press & Book Depot,**
**H. O. Baker Road, Kottayam.**

Brs: K. K. Road, Kottayam
Main Road, Trivandrum
Hospital Road, Calicut.

O. N. 3327—1500

# ആമുഖം

കഴിഞ്ഞ ഒരു പതിററാണ്ടിനുള്ളിൽ ഞാനെഴുതിയിട്ടുള്ള കവിതകളിൽ ഏതാനും എണ്ണമാണ് ഇവിടെ സമാഹരിച്ചിട്ടുള്ളതു്.

മലയാള കവിതയുടെ, എന്നല്ല, സാഹിത്യത്തിൻെറ ആകെക്കൂടി തന്നെയും മുഖഭാവം അതിവേഗം മാറിവരുന്ന ഒരു അന്തരാളഘട്ടമാണല്ലോ, ഇന്നു്. നമ്മുടെ സാമൂഹ്യജീവിതംതന്നെ എന്തെല്ലാം പരിവത്തനങ്ങളുടെ സമ്മർദ്ദങ്ങൾക്കാണു് വഴങ്ങിക്കൊടുത്തുപോരുന്നതു്. സാക്ഷാത്ക്കരിക്കപ്പെടാത്ത പ്രതീക്ഷകളെച്ചൊല്ലിയുള്ള ഇച്ഛാഭംഗം, എല്ലാ ജീവിതമുഖങ്ങളേയും ഇന്നു ഗ്രസിച്ചുനിൽക്കുന്നു. ഇതിൻെറ നിഴൽപ്പാടു് വ്യക്തിയുടെ ആന്തരികജീവിതത്തിലും ഒട്ടൊക്കെ പതിയാതിരിക്കുന്നില്ല. എങ്കിലും, ഞാൻ വിചാരിക്കുന്നതു് മനുഷ്യാത്മാവിൻെറ അഗാധതലങ്ങളിൽ ഉറവിട്ടു പോരുന്ന സൗന്ദര്യതൃഷ്ണ, അത്രയൊന്നും ക്ഷതമേൽക്കാതെ ഈ കാലഘട്ടത്തേയും തഴുകിനിൽക്കുന്നുവെന്നുതന്നെയാണു്. ശൈഥില്യങ്ങളുടേയും ജീർണ്ണതകളുടേയും നടുവിൽനിന്നുകൊണ്ടുതന്നെ, മിന്നലാട്ടം പോലെ തെളിഞ്ഞുകാണപ്പെടുന്ന അനുഭൂതിമേഖലകളിലേക്കുള്ള ഒളിനോട്ടം, അന്തർദ്ദാഹം കൊണ്ടു വിങ്ങിപ്പൊരിയുന്ന ഈ കാലഘട്ടത്തിനു തീരെ്ത്തും വിലക്കപ്പെട്ടതായി ഞാൻ കാണുന്നില്ല. ഈ കവിതകൾ ഇപ്പോൾ സമാഹരിച്ചു് അവതരിപ്പിക്കുന്നതിൻെറ നീതീകരണവും മറെറാന്നല്ല.

ഈ കവിതകൾക്കു് ശ്രീ. കെ. പി. ശങ്കരൻ എഴുതിയ നിരൂപണപരമായ അവതാരികയെ ഞാൻ വളരെയേറെ വിലമതിക്കുന്നു നമ്മുടെ നിരൂപണശാഖയിൽ, വളരെ പ്രതീക്ഷകൾക്കു വക നൽകുന്ന ശക്തമായ ഒരു വാഗ്ദാനമാണു് (ആ വാഗ്ദാനത്തിൻെറ നിവ്വഹണവും–) മി. ശങ്കരൻ. സാധാരണ അവതാരികകളുടെ സ്വരത്തിൽ നിന്നും ഭിന്നമായി, പല സൂചനകളും ധ്വനികളും പ്രൗഢമായ ഈ പ്രബന്ധത്തിൽ അദ്ദേഹം ഉൾക്കൊള്ളിച്ചിട്ടുണ്ടു്. എൻെറ ആഗ്രഹവും അതുതന്നെയായിരുന്നു. തെളിഞ്ഞ ചിന്ത, വ്യക്തിത്വമുള്ള വീക്ഷണം, സൗമ്യമായ ശൈലി ഇവ മി. ശങ്കരൻെറ സിദ്ധികളാണു്. ഈ കവിതകളെക്കുറിച്ചു് എന്തെങ്കിലുമെഴുതുന്നതു് മി. ശങ്കരൻതന്നെയാവട്ടെ എന്നു ഞാൻ നിർബ്ബന്ധപൂവ്വം ആഗ്രഹിക്കുന്നതിനു മുഖ്യകാരണം

പൊള്ളയായ പ്രശംസയിൽനിന്നൊഴിഞ്ഞുമാറാനുള്ള വ്യഗ്രതയും, കവിത നിഷ്പക്ഷമായി നിരൂപണം ചെയ്യപ്പെടുന്നതിലുള്ള താല്പര്യവുമായിരുന്നു. എൻെറ ആശ അദ്ദേഹം പൂർണ്ണമായും സഫലീകരിച്ചു തന്നിരിക്കുന്നു. മി. ശങ്കരൻ പരാമർശിച്ചു കടന്നുപോയിട്ടുള്ള ചില കവിതകൾ എട്ടും പത്തും വർഷങ്ങൾക്കപ്പുറം ഞാൻ എഴുതിയിട്ടുള്ളവയാണ് എന്നുകൂടി സൂചിപ്പിച്ചുകൊള്ളട്ടെ; ഉദാഹരണത്തിന്, 'ഒരു കുരുവിയുടെ കഥ' (1958) 'കാവ്യനർത്തകി' (1960) 'തപസ്സ്' (1960) 'പുള്ളിമാൻ' (1960) 'ഒരു നോൺ ഗസററഡ് കവി' (1961) തുടങ്ങിയവ. രചനയിൽ കണ്ടേക്കാവുന്ന പാകപ്പിഴകളെ ന്യായീകരിക്കുവാനല്ല ഇതെടുത്തെഴുതുന്നതു്. ഞാനാദ്യമായൊരു കവിത പ്രസിദ്ധീകരിച്ചതു് 1954-ൽ ആയിരുന്നു. എൻെറ കാവ്യവീക്ഷണത്തിൽ ആരോഗ്യകരമായ പല വ്യതിയാനങ്ങൾക്കും പ്രേരകമായിട്ടുണ്ട്, മി. ശങ്കരൻെറ സൗമ്യവും സഗൗരവവുമായ നിർദ്ദേശങ്ങൾ എന്നുകൂടി ഇവിടെ അനുസ്മരിപ്പിക്കുന്നു. അദ്ദേഹത്തോടു് ഞാൻ കൃതജ്ഞനാണ്.

എൻെറ ആഗ്രഹമനുസരിച്ചു് ഈ പുസ്തകം പ്രസാധനം ചെയ്ത 'ഒറോവീലി'ൻെറയും വിതരണം ചെയ്യുന്ന 'വിദ്യാർത്ഥിമിത്ര'ത്തിൻെറയും പ്രവർത്തകരോടു് എനിക്കുള്ള നന്ദി നിസ്സീമമാണ്.

ഏററുമാനൂർ സോമദാസൻ

എൻ. എസ്സ്.എസ്സ്. ഹിന്ദു കോളെജ്,
ചങ്ങനാശ്ശേരി.
30-4-1969.

# അവതാരിക

കവിതയെ അധികരിച്ചുള്ള ഏതു ചിന്തയും ഒട്ടക്കം ചെന്നു ചെന്നു് അതിൻെറ ആധുനികത്വം പരിശോധിക്കുന്നതിൽ പര്യവസാനിക്കുക—ഇതു് ഈയിടെയായി നമ്മുടെ നാട്ടിലും ഏതാണ്ടൊരു പതിവായിരിക്കുന്നു. സാഹിത്യത്തിൻെറ മറേറതു രൂപത്തേയും പോലെ വിമർശനവുമതെ, അസ്പഷ്ടമോ അർദ്ധസ്പഷ്ടമോ അജ്ഞാതം തന്നെയോ ഒക്കെയായ മണ്ഡലങ്ങളിലേയ്ക്കുള്ള അവഗാഹവും അന്വേഷണവുമായി മാറുന്നതു് സ്വാഗതാർഹം തന്നെ. അതിനാൽ ആധുനികകവിതയുടെപേരിലുള്ള ഈ വികസ്വരമാവുന്ന ഉൽക്കണ്ഠയിൽ സന്തോഷിക്കയേ വേണ്ടൂ. കാലഘട്ടത്തിനു നമ്മുടെമേലുള്ള സ്വാധീനശക്തിയെയുണ്ടോ മറക്കാനോ മറയ്ക്കാനോ സാധിക്കുന്നു? കവിതയിൽ ഒരതിർത്തിവരെ സാധിച്ചേക്കുമെന്നു സമ്മതിക്കാം. പാലായനമെന്നൊക്കെ പറഞ്ഞുകേൾക്കാറില്ലേ, ആശാസ്യമായാലും അനാശാസ്യമായാലും അങ്ങനെയൊരു ധർമ്മം പാലിക്കാൻ കവിതയ്ക്കു പററിക്കൂടെന്നില്ലതു സത്യം തന്നെ. എങ്കിലും അത്തരം കവിതയുടെ സാഫല്യം പലപ്പൊഴും ഒട്ടൊന്നു സന്ദേഹാസ്പദമാവാറുണ്ട് എന്ന സത്യവും, അത്രത്തോളമെത്തുമ്പോൾ സ്മരിക്കാതെ വയ്യ. ഈ "അന്ത്യയാമത്തിൽ വിരിഞ്ഞ പൂവ്" തന്നെ ഇക്കാര്യത്തിനു ദൃഷ്ടാന്തമല്ലായ്കയില്ല.

അതിരിക്കട്ടെ. ആധുനികത്വം എന്ന ആശയം ഇക്കാലത്തെ കാവ്യചർച്ചകളിൽ അനിവാര്യമായി കടന്നുവന്നുതുടങ്ങിയിരിക്കുന്നു എന്നാണല്ലോ പറഞ്ഞുവെച്ചതു്. എന്നാലും ഇത്തരം ചർച്ചകളിൽ ഇടയ്ക്കു വിസ്മരിക്കാറുള്ള ഒരംശമുണ്ട്, ആധുനികത്വത്തിനും സമകാലികത്വത്തിനും അന്യോന്യമുള്ള അന്തരം. ഇതു വിസ്മരിച്ചുകൂടാ. സവിശേഷമായ ഒരവബോധം കവിതയിൽ വ്യഞ്ജിപ്പിക്കുന്നവരെ മാത്രമേ ആധുനികർ എന്നു് അതിൻെറ ശരിയായ സാങ്കേതികാർത്ഥത്തിൽ വ്യവഹരിക്കാവൂ. ശ്രീ. സോമദാസൻെറ ഈ സമാഹാരം ഇതൊന്നുകൂടി ഓർമ്മപ്പെടുത്തുന്നു. സമകാലികമായിട്ടും ഈ സമാഹാരത്തിലെ കവിതകൾ ആധുനികമാണെന്നവകാശപ്പെടാൻ വയ്യ. (ഇയ്യിടെ ആനുകാലികപ്രസിദ്ധീകരണങ്ങളിലെഴുതുന്ന ചില കവിതകൾ കാണു

മ്പോൾ ആധുനികത്വത്തിൻെറ അവബോധം ഈ കവിയേയും സ്വാധീനിച്ചുതുടങ്ങുന്നില്ലേ എന്ന് ഇടയ്ക്കു സംശയിക്കേണ്ടിവരുന്നു. എന്നിട്ടും ശൈലികൊണ്ട് ഇദ്ദേഹം ആ സ്വാധീനത്തിന് എതിരാണ്. ആട്ടെ, ആ ചർച്ച ഇവിടെ നില്ക്കട്ടെ.)

അഥവാ, ആധുനികത്വം ഇവിടെ ഇപ്പോഴും ഉത്സർഗ്ഗമായിക്കഴിഞ്ഞിട്ടില്ല; അപവാദമായി ഒതുങ്ങുന്നേയുള്ളു, എന്നുണ്ടോ? കവിതയുടെ ഉപരിതലത്തിലെ പല അലകളിൽ ഒന്നു മാത്രമാണതു് എന്നു കരുതുന്നവരും ഇല്ലായ്കയില്ല. അടിയൊഴുക്കോ: അതിപ്പോഴും ആർദ്രമായ കാല്പനികത്വത്തിൻേറതുതന്നെ. ഈ സത്യം, ഭാഗികമായെങ്കിലും സമ്മതിക്കാതെ നിവൃത്തിയില്ല. (കവിതയുടെ അടിയൊഴുക്ക്, അല്ലെങ്കിലും, എന്നും കാല്പനികത്വത്തിൻെറതന്നെയാവില്ലേ? ഇത്രയും സാദ്ധ്യതകളുള്ള, സർഗ്ഗാത്മകമായ ഒരഭിരുചിയും മനോഭാവവും മറേറതുണ്ട്?) എന്നാലും ഒന്നു മറക്കരുതു്. പണ്ടേ പരിചയിച്ചുകഴിഞ്ഞ കാല്പനികത്വത്തിനു് പല പരിണാമങ്ങളും അടിക്കടിയായി അതിനുശേഷം വരുന്ന കവികൾ അനുഭവപ്പെടുത്തിത്തരുന്നു. നിർവ്വചിക്കാനും നിർണ്ണയിക്കാനും വിഷമംസൃഷ്ടിക്കുമാറു് അത്ര വിചിത്രവും അനന്തവുമാണല്ലോ കാല്പനികത്വത്തിൻെറ അന്തർഭാവങ്ങൾ. അത്യന്തസൂക്ഷ്മമായ അത്തരം ചിലതിലേക്കു് ആണ്ടിറങ്ങുന്ന പ്രവണത കഴിഞ്ഞ കുറച്ചു കൊല്ലങ്ങളായി നമ്മുടെ കവിതയിൽ നല്ല പ്രതിഷ്ഠനേടിയിട്ടുണ്ട്. വൈലോപ്പിള്ളി, ഒ. എൻ. വി, സുഗതകുമാരി–പല പേരുകളും ഈ പ്രവണതയോടു ബന്ധപ്പെട്ട് ഓർമ്മയിൽ വരുന്നു. പോട്ടെ, പേരുകൾ ഈ പ്രകരണത്തിൽ അത്ര സാരമാക്കാനില്ല. ഇവിടെ പറയാനുദ്ദേശിക്കുന്നതു് ഇത്രമാത്രം. ഇങ്ങനെ കുറേക്കൂടി അവഗാഢവും അന്തർദ്ധ്യാനാത്മകവുമായിത്തീർന്ന കാവ്യപാരമ്പര്യത്തിലും ശ്രീ. സോമദാസനെ ഉൾപ്പെടുത്താൻ തരം കാണുന്നില്ല.

എന്നിരിക്കെ, ഏതാണീ കവിയുടെ താവഴി? ഉത്തരം ഏററവും ലളിതമാണ്. ചങ്ങമ്പുഴയാണിദ്ദേഹത്തിൻെറ ചൈതന്യകേന്ദ്രം ഈ വസ്തുതയുടെ ഭംഗ്യന്തരേണയുള്ള അംഗീകാരമത്രേ ഈ സമാഹാരത്തിലെ 'കാവ്യനർത്തകി' എന്ന രചന. ചങ്ങമ്പുഴയ്ക്കു സോമദാസൻ ആദരാഞ്ജലികളർപ്പിക്കുന്നു എന്നതു് അർത്ഥവത്താണ്. ആ ആദരാഞ്ജലികളുടെആവിഷ്കാരശൈലിയാവട്ടെ,അതിനേക്കാൾ അർത്ഥവത്താണ്.

"പൂക്കുല കാററത്തുയലാടിടും വനാന്തങ്ങൾ,
രാക്കിളി ചിലയ്ക്കുന്നൊരോമനനികുഞ്ജങ്ങൾ,

Jawahar Balbhavan & Children's Library,
KOTTAYAM

വെൺപളുങ്കരുവിതൻ കവിളിൽ വിഭാതശ്രീ
കുങ്കുമം തൂവുംപോലെ വിരിയും ചെന്താരുകൾ,
ളൂതുക്കൾക്കണിനൃത്തമാടുവാൻ പൊൻമണ്ഡപ-
മൊരുക്കിനില്ക്കും വനസാനുക്കൾ, കേദാരങ്ങൾ,
–അഴകിൻ ലഹരിയിലെന്നെ ഞാൻ മറന്നപ്പോ–
ളരികിൽ സംഗീതത്തിന്നുറവായ് ജ്വലിച്ചു നീ!''

സൗന്ദര്യധോരണിയും സംഗീതചാരുതയും ചേർന്ന് ചങ്ങമ്പുഴക്കവിതയിൽ വികസിച്ചുനിന്ന വിശേഷപ്പെട്ട ആ ചമൽക്കാരമണല്ലോ ഇവിടെ വിവക്ഷിക്കപ്പെടുന്നതു്. അപഗ്രഥനത്തിനു നിശ്ശേഷമായും വഴങ്ങിത്തരുന്ന ഒന്നല്ല ആ ചമൽക്കാരം. അകൽച്ച സൗന്ദര്യത്തിനു് ആകർഷകത്വമരുളുന്നു എന്ന ഉക്തി ഇവിടെ ഓർത്തുപോവാനിടയുണ്ടു് മാരീചന്റെ പുള്ളിമാനെപ്പോലെ, നമ്മെ വിഭ്രാന്തരാക്കി അപൂർവ്വഭംഗികളുടെ വിദൂരവനസ്ഥലികളിലേക്കു് മാടിവിളിച്ചു് വിളിച്ചുകൊണ്ടുപോവുന്ന മായികമായ ഒരനുഭൂതിയത്രേ ആ ചമൽക്കാരം. അതിനു കാരണമായ കാവ്യപ്രചോദനത്തെ സോമദാസൻ താരതമ്യേന സരളമായി സംഗ്രഹിച്ചിരിക്കുന്നു. അഴകിൻ ലഹരി, അതിന്റെ ഫലമായ ആത്മവിസ്മൃതി, അതിൽനിന്നു് ഉറന്നൊഴുകുന്ന ഉജ്ജ്വലസംഗീതം. ഇതിൽ കവിഞ്ഞു് ആ പ്രചോദനം കൂടുതൽ ഗഹനവും പരുഷവുമാവേണ്ടതുണ്ടോ? അങ്ങിനെ ആയ വല്ല ഉദാഹരണവും ചങ്ങമ്പുഴ തന്നെ ഉൾക്കൊള്ളുന്നുണ്ടോ? എനിക്കു തോന്നുന്നതു് ഈവക വശങ്ങളിൽ സോമദാസനു വലിയ താല്പര്യമില്ല എന്നാണു്. കേൾക്കുന്നപാടേയുള്ള കേവലമാധുര്യമുണ്ടല്ലോ, ചങ്ങമ്പുഴക്കവിതയിൽ 'മാച്ചാല്യം മായാത്ത മട്ടിലേതോ മാർദ്ദവ'ത്തോടെ ഉൽഫുല്ലമാവുന്ന ആ മനോഹാരിതയുമായി ഈ യുവകവി താദാത്മ്യം പ്രാപിച്ചിരിക്കുന്നു. ചങ്ങമ്പുഴക്കു് ഈ 'വനാന്തങ്ങളും നികുഞ്ജങ്ങളും ചെന്താരുകളും സാനുക്കളും കേദാരങ്ങ'ളുമൊക്കെ കാവ്യസങ്കല്പങ്ങളുടെ കാമധേനുക്കളായിരുന്നെങ്കിൽ, സോമദാസനുമതെ, അങ്ങനെത്തന്നെ. സൗന്ദര്യവിഭ്രാന്തികൊണ്ടു് അസ്വാസ്ഥനും അഭിഭൂതനുമായി ഈ കവിയും ഇത്തരം മേഖലകളിൽ പുഷ്പിച്ചു നിൽക്കുന്ന സ്വർഗ്ഗീയ സങ്കല്പങ്ങളിൽ മൂളിപ്പറന്നു് സ്വപ്നാടനത്തിൽ മുഴുകുന്നു.

സ്വന്തം പ്രചോദനത്തിലേക്കു് ഈ കവി ഇങ്ങനെ വിരൽ ചൂണ്ടുന്ന സന്ദർഭം വേറെയുമുണ്ടു്.

''ചോലക്കരയിൽ നിറമയിൽപ്പീലി നീ–
ർത്താലോലമാടും മുളങ്കാട്ടിൽ നിന്നു ഞാൻ

ഫുല്ലസംഗീതം തുടിയ്ക്കുമൊരു കൊച്ചു
പുല്ലാങ്കുഴലു കടം വാങ്ങിയിന്നലെ.
പൊന്തകൾക്കുള്ളിൽ മയങ്ങുന്നതാമര—
പൈങ്കിളിപ്പേടതൻ സ്വപ്നദലങ്ങളിൽ
നിന്നു തുളിയ്ക്കും മരന്ദം കവർന്നെട്ട—
ത്തെന്മുളന്തണ്ടിൽ മധുരം പുരട്ടിഞാൻ.
കുന്തളച്ചാർത്തുലച്ചാട്ടുന്ന പുഷ്പനി—
കുഞ്ജങ്ങളെ മുകർന്നെത്തീടും തെന്നലിൽ
പാറിടും സൗരഭ്യരേണുക്കൾ പാകിയെ—
ന്നീറക്കുഴലിലുന്മാദലഹരികൾ.
ഞാനറിയാതെൻ മുളന്തണ്ടിലവ്യക്ത
ഗാനലയങ്ങളുറവിട്ടുണരവേ
തുന്നിപ്പിടിപ്പിച്ചിതെന്മനസ്സിൽ മൃദു—
സ്പന്ദങ്ങളാൽ താളഭംഗികൾ ഞാനതിൽ

(ഒരു നോൺഗസററഡ് കവി)

ഒരുതരം ഉറന്നു കവിഞ്ഞൊഴുകലാണ് തൻെറ കവിത; ഉറവിട് പ്രകൃതിഭംഗിയും—ഇതാണല്ലോ ഇവിടെ ഉരുത്തിരിഞ്ഞുവരുന്ന ആശയം. ഇപ്രകാരം ഏതു കവിത നോക്കിയാലും കാണാം, 'അഴകു പൊലിയുന്ന' 'അമൃതം പൊഴിയുന്ന' എന്നെല്ലാം കാല്പനിക ശൈലിയിൽ വിശേഷിപ്പിക്കാറില്ലേ, ആ വക ഇമേജുകളുടെ പൂപ്പടവാരൽ. ഒരു കവിയുടെ മൗലികസിദ്ധികളിൽ ഒന്നാണല്ലോ ഇതു്. ഇതു സോമദാസനിൽ ഇതൾ വിരിഞ്ഞു നിൽക്കുന്നു.

ഇത്രയും ചങ്ങമ്പുഴയെ അനുകരിച്ചതിൻെറ ലാഭം. പക്ഷേ ചേതമോ? ചങ്ങമ്പുഴ ചൈതന്യകേന്ദ്രമായി എന്നതുതന്നെ ഇന്നൊഴുന്ന ഈ കവിയുടെ ദൗർബ്ബല്യഹേതുവുമല്ലേ എന്നാണ് സംശയം. ചങ്ങമ്പുഴയുടെ ഏററവും വലിയ സവിശേഷത, ഒരുപക്ഷേ ഇതാണ്. ഇനിയൊരു ചങ്ങമ്പുഴയെക്കൂടി സഹിക്കാൻ സഹൃദയർക്കു സാധിക്കാത്ത പാകത്തിൽ അദ്ദേഹം എത്തിച്ചേർന്നിരിക്കുന്നു! എന്നുവെച്ചാൽ, താൻ തൊട്ടുവച്ച പുത്തൻ പ്രവണതകളൊക്കെ പുഷ്ടിപ്പെടുത്തി പുഷ്ടിപ്പെടുത്തി അവയുടെ അങ്ങേ അററത്തെ സാദ്ധ്യതകൾവരെ ആ ഗാനഗന്ധർവ്വൻ ആവാഹിച്ചെടുത്തു. അവിടുന്നു പിന്നെ ആക്കും ആ വഴിക്കു ചെന്നിട്ട് ഒന്നും കിട്ടാനില്ലെന്നായി—വെറുതെ അനുകരണത്തിൻേറയും ആവർത്തനത്തിൻേറയും അലയൊലി ഉയർത്താമെന്നുമാത്രം. ചങ്ങമ്പുഴയുടെ കേദാരത്തിൽനിന്നു കൊയ്തുകേറുന്നവർ ഒരു കാലത്തു

കുറച്ചൊന്നുമായിരുന്നില്ല നമ്മുടെ കവിതയിൽ. എങ്കിലും ഏതാനു കാലം ചെന്നാറെ, അതിലെ അത്ഥശൂന്യത അറിഞ്ഞിട്ടോ എന്തോ ഒട്ടുമിക്കവരും ഒഴിഞ്ഞു മാറി. ഇന്നു ചങ്ങമ്പുഴ ഏറെക്കുറെ ഒരു ജീവത്സാധീനമല്ലാതായിരിക്കുന്നു. മററു മഹാകവികളെപ്പോലെ അദ്ദേഹവും ഏതാണ്ടു് ഒരതീതസ്മൃതിയായി കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിൻെറ കവിതയിൽ അടിമുടി പൂത്തുലഞ്ഞ ശുദ്ധ കാല്പനികതത്തിൻെറ കഥയും മറെറാന്നല്ല. അനുകരിക്കാനല്ല, അറിഞ്ഞുകൊണ്ടുതന്നെ അകററി നിത്താനത്രേ പുതിയവരിൽ പലരും ചങ്ങമ്പുഴയെ അയവിറക്കുന്നതു്. അദ്ദേഹത്തിൻെറ കവിത തളൎന്നുവീണുപോയ ചാപല്യത്തിൻെറയും അതിഭാവുകത്വത്തിൻെറയും ചതിക്കുഴികളിൽനിന്നു വഴിമാറിപ്പോരിക എന്നതു് ആധുനികത്വത്തിൻെറ വ്യാവത്തകധമ്മങ്ങളിൽത്തന്നെ ഒന്നാണു്. അന്നു് ആ ചാപല്യമോ അതിഭാവുകത്വമോ ചതിക്കുഴികളായിരുന്നു എന്നും പറഞ്ഞുകൂടാ. പ്രായം തികയുന്നതിനു മുമ്പു കവിതയ്ക്കു കടന്നുപോരേണ്ട ചില വികാരവിതാനങ്ങളായിരുന്നു അവയും എന്നതാണു പരമാത്ഥം. എന്നാലും, ഇന്നു നില മാറി. ഇന്നവയെ ചതിക്കുഴികളായിത്തന്നെവേണം കാണാൻ.

ഒന്നുകൂടിനിന്നു് ഓർത്തു നോക്കുക: എന്തൊരന്തരമാണു് ചങ്ങമ്പുഴക്കവിതയ്ക്കും ആധുനിക കവിതയ്ക്കും തമ്മിൽ! ഒന്നിൻെറ പുളപ്പും പൂത്തഴപ്പുമൊക്കെ, മറേറതിൽ നിശ്ശേഷം പൊഴിഞ്ഞുപോയിരിക്കുന്നു. ഒന്നു മുഗ്ദ്ധമായ മനോഹാരിത, മാംസളത്വം. മറേറതു നഗ്നമായ അന്തസ്സത്വം, അസ്ഥിപഞ്ജരം. വസന്തത്തിൻെറ വൎണ്ണഭംഗികൾ വാരിയണിഞ്ഞു വിലാസനൃത്തം നടത്തുന്നതിന്നെതിരേ, വൃക്ഷം ആകെ ഇലകൊഴിഞ്ഞു് കണ്ണിൽ തറയ്ക്കുന്ന ചില്ലകളുടെ വികൃതരൂപവുമായി വെറുങ്ങലിച്ചു നിൽക്കുന്ന ഘട്ടത്തിലെത്തിയിരിക്കുന്നു, ഇന്നു നമ്മുടെ കവിത. വളർച്ചയുടെ അനിവാര്യമായ അന്തരാളഘട്ടങ്ങളിലൊന്നാണിതു്. എവിടെ—നിലാവുകളും നിശാഗന്ധികളും എവിടെ? പ്രഭാതങ്ങളും പൂങ്കോഴികളും എവിടെ? ഉച്ചവെയിലുകളും കുപ്പിച്ചില്ലുകളും അർദ്ധരാത്രികളും കമ്പനിച്ചുരുളുകളും—ഒട്ടാകെ ഉദ്വിഗ്നമായിരിക്കുന്നു അന്തരീക്ഷം......

ഇത്തിരിനേരത്തേയ്ക്കു് ഇതൊന്നു മറക്കാൻ മാത്രമായിട്ടെങ്കിലും മനസ്സിനു മധുരസങ്കല്പങ്ങളിൽ സ്വപ്നാടനം നടത്തണമെന്നുണ്ടോ? ശ്രീ. സോമദാസൻെറ ഈ സമാഹാരത്തിലെ പല ഈരടികളും അതിനു സന്ദർഭമുണ്ടാക്കിത്തരും. എങ്കിലും അപ്പോഴും അതൊരു സ്വപ്നാടനമാണെന്നു് വിസ്മരിക്കാനാവില്ല എന്നു തോന്നുന്നു. ജീവിതത്തിലെ

ന്നല്ല, കവിതയിൽതന്നെയും ഇന്നു നമ്മെ സാധാരണ അഭിമുഖീകരിക്കുന്ന സത്യങ്ങൾ വിഭിന്നമാണല്ലോ എന്ന വസ്തുത ഈ ഈരടികൾ വായിച്ചെത്തവേ ഓർക്കാതിരിക്കാൻ വയ്യ എന്നു വന്നേക്കാം. എന്നു പറയുമ്പോൾ, ഉവ്വ് ജീവിതത്തിൽ നേരിട്ട് അഭിമുഖീകരിക്കാത്ത അംശങ്ങളും കവിതയിൽ സമ്മേളിക്കുന്നു, അതു് സ്വാഗതാർഹമാണു് എന്നുകൂടി ഉദ്ദേശിക്കുന്നുണ്ടു്. എന്നാലും അതിനും വേണം ഒരതിരു് എന്നു മാത്രം.

എൻെറ വിവക്ഷ ഇങ്ങനെ സംഗ്രഹിക്കട്ടെ. ഈ സമാഹാരത്തിലെ സങ്കല്പങ്ങളും ശൈലിയും ഇന്നു് അസാരം അകാലികമായി തോന്നാം. ആനുകാലികവികാസത്തിനിടെ നമ്മുടെ കവിത പിന്നിട്ടു കഴിഞ്ഞ ഒരു വിതാനം ഇവിടെ വീണ്ടും സാക്ഷാൽക്കരിച്ചിരിക്കയാണു്. ആ നിലയ്ക്കത്രേ "അന്ത്യയാമത്തിൽ വിരിഞ്ഞ പൂവ്" എന്ന ഗ്രന്ഥനാമം വിശേഷിച്ചു് അർത്ഥവത്താവുന്നതു് എന്നും ഞാൻ വിചാരിക്കുന്നു. അകാലത്തിൽ എന്നുവേണ്ട, കാല്പനികതത്വത്തിൻെറ അന്ത്യയാമത്തിൽ എന്നായി വിശദീകരിക്കാം അതിലെ അന്തർഗതം. എന്നാൽ കുറച്ചുകൂടി ഭംഗിയുമായല്ലോ.

എടുത്തു വാഴ്ത്തത്തക്ക ഘടകമായി ഈ കവിയിൽ എഴുന്നു നില്ക്കുന്നതു് വാസനാവൈഭവം തന്നെ. അതിൻെറ ധാരാളിത്തം കാരണമാണു് ഇദ്ദേഹം അനുമോദനം അർഹിക്കുന്നതും. ഏറിപ്പോവുന്നുവോ എന്നേ അതിനെക്കുറിച്ചു പേടിക്കേണ്ടതുള്ളൂ! അതിൻെറ പരാഗം എങ്ങാനും ചിതറി വീണിരിക്കയല്ല; ഈ സമാഹാരത്തിലെ ഈരടികളെ വല്ലാതെ വർണ്ണശബളമാക്കിക്കൊണ്ടു് എമ്പാടും വാരിത്തൂവിയിരിക്കതന്നെയാണു്. പറയുന്നതു മുഴുവൻ പരമാവധി കവിതാമയമാക്കാനുള്ള നിഷ്ക്കർഷയിൽ, ഇടയ്ക്കു ബിംബഭാഷകൊണ്ടു പട്ടകളി നടത്തുന്നതിനു് ഈ കൃതിയിലുടനീളം ഉദാഹരണം കാണാം. വക്രോക്തി എന്തോ മഹാ വിപത്താണു് എന്നു പണ്ടാരോ പറഞ്ഞ വിവരക്കേടിൽനിന്നു വളരെ ദൂരം വികസിച്ചു കഴിഞ്ഞിരിക്കുന്നു, ഇന്നത്തെ കാവ്യസംസ്കാരം. കവിതയിലെ ഏതുക്തിയും ഒരു നിലയ്ക്കു 'വക്ര' മാണെന്നകാര്യം ഇന്നേതാണ്ടു പരക്കെ അറിയാം. പക്ഷേ വളച്ചുകെട്ടും നിറപ്പകിട്ടും കാരണം, ഒട്ടക്കം വാക്യംതന്നെ അശക്തമാവരുതല്ലോ. സത്യത്തിനെന്നപോലെ സൗന്ദര്യത്തിനുമുണ്ടാവണം അതിൻെറ സ്ഥാനം—ഇതാവും ഇക്കാലത്തെ മററു ചില കവിതകൾ ഉണത്തുന്ന പ്രതികരണത്തിൻെറ സാരാംശം. ഇവിടെയാവട്ടെ, നേരെ മറിച്ചല്ലേ

നില എന്നാണ് ശങ്ക! ഈ സൗന്ദര്യപ്പുളപ്പിന്റെ വശ്യത നിശ്ശേഷം നിഷേധിക്കുന്നില്ല.

"മധുപൗർണ്ണമിയുടെ മാംഗല്യവിരുന്നിനായ്
ഋതുകന്യകൾ മണിപ്പന്തലിട്ടൊരുകാലം.
വെള്ളിലക്കുരുന്നുകൾ മേഞ്ഞുമേഞ്ഞൊരുകൊച്ചു
പുള്ളിമാൻവന്നു ചൈത്രരാവിലീവനങ്ങളിൽ!"......

(പുള്ളിമാൻ)

"ഉത്രാടരാവിന്നുറക്കറെയ്ക്കുള്ളിലെ
സപ്പ്രാടനക്കാരനാമിളംതെന്നലേ" (തപസ്സ്)

എന്നൊക്കെ വായിക്കുമ്പോൾ, വളരെ ആകർഷകമായനുഭവപ്പെട്ടേക്കാം ആ വക ബിംബകല്പനകൾ. ഇത്തരം കല്പനകൾ അടിമുടി കാണാം ഇവിടെ. എല്ലാം ചന്ദ്രികയും മന്ദാരവും പൂക്കളും പുളകങ്ങളും വസന്തവും വല്ലകിയും—അങ്ങനെ നന്നെ നേർത്തുമിനുത്ത ഇഴകളെക്കൊണ്ടു നെയ്തെടുത്തവ! ആകെ കാണാൻ അസ്സലാണ്. ആലോചിക്കാനോ, അപഗ്രഥിക്കാനോ ഔചിത്യം പരിശോധിക്കാനോ നിന്നാൽ അപകടമായി എന്നു മാത്രം.

പക്ഷേ, പരിശോധിക്കാതെയും പററില്ലല്ലോ ഇന്ന്! കവിത കണ്ണാടിക്കൂട്ടിലെ പ്രദർശനവസ്തു മാത്രമായിരുന്ന കാലം കഴിഞ്ഞില്ലേ? പഞ്ഞിയിൽ ചായം പുരട്ടി പതുത്ത ഭംഗികൾ സൃഷ്ടിച്ച് അകററി നിർത്തുന്നതുകൊണ്ട് ഇന്നത്തെ അനുവാചകനോടുള്ള ബാദ്ധ്യത നിർവ്വഹിക്കപ്പെടുന്നില്ല. കൂടുതൽ സ്പർശക്ഷമവും സത്യസന്ധവുമാവേണ്ടിയിരിക്കുന്നു, ഇപ്പോൾ കവിത. ആവശ്യത്തിലേറെ ആർഭാടം പൂത്ത് അവസാനം ഫലത്തിൽ അശക്തമായി കലാശിക്കുന്ന ('ഒരു നേഴ്സ് ഗാസററഡ് കവി' തന്നെ ഉദാഹരണം) ഏതാനും കവിതകൾ ഈ 'അന്ത്യയാമത്തിൽ വിരിഞ്ഞപൂവിന്റെ ഇതളുകളാ'യുണ്ട്. കവിയും ശൈലിയുമാവുമ്പോൾ ആരു് ആരെ നിയന്ത്രിക്കുന്നു എന്ന സംശയം അവശേഷിപ്പിക്കുന്നവയത്രെ അത്തരം രചനകൾ. ഭാഷയിലെ ആർഭാടത്തോടുള്ള അഭിനിവേശമാണ് കവിയെ കവിയാക്കുന്ന അടിസ്ഥാന ഭാവങ്ങളിലൊന്ന്. എന്നാലും അതൊരുതരം ബാലിശമായ ആവേശമായി കവിതയിൽ പതിഞ്ഞു കിടന്നുകൂടാ, അതിനെ അതിജീവിക്കാറാവുകതന്നെ വേണം. "ഈടുററ ഏതു സാഹിത്യകൃതിയും ഭാഷയുടെ വിജയമല്ല, ഭാഷയുടെമേൽ എഴുത്തുകാരൻ നേടുന്ന വിജയമാണ്"* എന്ന സാഹിത്യതത്വത്തെ സോമദാസന്റെ രചനകൾ അനുസ്മരിപ്പിക്കുന്നുവെന്നു ചുരുക്കം.

---

* Every work of enduring literature is not so much a triumph of language as a victory over language"—MIDDLETON MURRAY—"the Problem of style"

ഭാഷയിലെ ആർഭാടം കൂട്ടുന്നു; അതോടൊപ്പം അതാതു കവിതകൾ അടുപ്പിച്ചുവച്ചു നോക്കുമ്പോൾ അതിൻെറ വൈചിത്ര്യം കുറയുന്നു എന്നും പറയേണ്ടതുണ്ട്. ഒരേ ബിംബങ്ങൾ അത്രയൊന്നും മാററം വരുത്താതെ പലേടത്തും ആവർത്തിക്കപ്പെടുന്നു. നമ്മുടെ ചലച്ചിത്രഗാനങ്ങളില്ലേ, ആരെഴുതുന്നതാവട്ടെ, ഏതവസരമാവട്ടെ, അവയിലു പയോഗിക്കുന്ന വാക്കുകളും വാങ്മയചിത്രങ്ങളും ഏറെക്കുറെ ഒന്നു തന്നെയാവും! അവയ്ക്കുപാകത്തിൽ പ്രത്യേകിച്ചൊരു പദാവലിയും കല്പനാശില്പവും ഉണ്ടെന്നതാണല്ലോ പരമാർത്ഥം. ഗാനരചനയിൽ സോമദാസനു ശോഭിക്കാൻ കഴിയും. (ഈ സമാഹാരത്തിലെ 'ഒരു കുരുവിയുടെ കഥ' വിശേഷിച്ചൊരുദാഹരണമായി ഇവിടെ ഓർമ്മിച്ചുകൊള്ളുന്നു.) ഈ കഴിവ് ഒരററംവരെ കാവ്യരചനയ്ക്കു ഉല്ലാഘതയരുളാൻ ഉതകുമെന്നും കാണാം. കാരണം, ചില അംശങ്ങളിൽ അന്യോന്യം ആ ദാനപ്രദാനങ്ങൾ നടത്തുന്നതു് രണ്ടു കലാരൂപത്തിനും ആശാസ്യമായിരിക്കുമല്ലോ. എന്നാലും കവിത കവിതയും ഗാനം ഗാനവുമാണ് എന്ന കാര്യം ഇദ്ദേഹം സ്മരിക്കുന്നതുതന്നെയാവും സമഞ്ജസം.

ഇനിയൊരു കാര്യം. വാക്കുകളും വാങ്മയ ചിത്രങ്ങളും ഇത്രയും ശിഥിലവും വ്യാകീർണ്ണവുമാവുന്നതിൻെറ ഉത്തരവാദിത്വം ഇദ്ദേഹം സ്വീകരിക്കുന്ന വിഷയങ്ങൾ കൂടിയല്ലേ വഹിക്കേണ്ടതു്? അല്ലാതെങ്ങനെ വരാൻ? കവിതയിൽ ഭാവമാണല്ലോ രൂപത്തെ നിർണ്ണയിക്കുന്നതും നിയന്ത്രിക്കുന്നതും. ആർക്കും എഴുതാവുന്ന ഏതാനും വിഷയങ്ങളെടുത്തു വിസ്തരിക്കുകയാണ് പൊതുവേ സോമദാസൻ ഇപ്പോൾ ചെയ്തിരിക്കുന്നതു്. വെട്ടിത്തിരിഞ്ഞുനിൽക്കുന്ന ഒരു വ്യക്തിത്വം വിഷയവിവേചനത്തെ സംബന്ധിച്ചിടത്തോളം കഷ്ടിയാണെന്നർത്ഥം. തനിക്കുമാത്രം എഴുതാവുന്ന വിഷയങ്ങൾ, താൻമാത്രം എഴുതേണ്ടവ എന്ന വിവേചനം വിഷമമാണെങ്കിൽ സ്വീകരിച്ച വിഷയത്തിനു് വിശേഷിച്ച് ഒരു ആത്മമുദ്ര ഏകുകയെങ്കിലും വേണ്ടതല്ലേ? അതില്ലാഞ്ഞാലത്തെ കോട്ടത്തിനെതിരെ, ഉണ്ടായാലത്തെ നേട്ടം ഈ സമാഹാരത്തിലെ ഒന്നുരണ്ടു കവിതകൾ എളുപ്പം വെളിപ്പെടുത്തിത്തരുന്നു. 'പെങ്ങളും' 'ഓമനയുടെ ഓണവു'മാണ് ഞാനുദ്ദേശിക്കുന്നതു്. പെങ്ങളുടെ തുടക്കത്തിലൊരു കല്പനയുണ്ട്.—'പട്ടണത്തിന്നരക്കെട്ടിലല്പാക്കുനൂൽ ചുററിയപോൽ കാണും നടപ്പാത'. ഈ സമാഹാരത്തിൽ തലങ്ങും വിലങ്ങും തളിർത്തും വിടർന്നും നില്ക്കുന്ന കല്പനകളിൽ എനിക്കേററവും ഹൃദ്യമായിത്തോന്നിയതു് ഇതൊന്നത്രേ. ഇവിടെ അപൂർവ്വമായ ഒരു മൗലികത്വം അനുഭവപ്പെടുന്നു. (പിന്നെ ആ

പാതയിൽ'കെട്ടഴിഞ്ഞൂന്ന പൊന്നേലസ്സുപോലെ വന്നെത്തിയ ബസ്സ്'' എന്ന കല്പന പിടിച്ചു വലിച്ചുനീട്ടാതിരിക്കാമായിരുന്നു. സാവയവമോ, പരമ്പരിതമോ അല്ല, ഏകദേശ വിവൎത്തിയാവും ഇന്നത്തെ അഭിരുചിക്കു് ഏററവും ഇണങ്ങുന്ന രൂപകം എന്നുവേണം വിചാരിക്കാൻ. അതിരിക്കട്ടെ.) ഇതിനു കാരണം, മൂൎത്തമായ, സ്വന്തം അനുഭവത്തിൽ മുഴങ്ങുനിൽക്കുന്ന ഒരോൎമ്മയിൽനിന്നു് ഈ കവിത ഉരുത്തിരിഞ്ഞു എന്നതുതന്നെയാവണം. ഇത്തരം വ്യതിരിക്തവും വ്യവച്ഛിന്നവുമായ വിഷയങ്ങളിലാവട്ടെ, ഇനി ഈ കവിയുടെ പൊലിമതികഞ്ഞ സങ്കല്പങ്ങൾ പൊരുന്നിരിക്കുന്നതു്. അങ്ങനെ പരിനിഷ്ഠിതമായ ഒരു സൎഗ്ഗസത്ത ഇദ്ദേഹത്തിൽ വികസിച്ചുവരികയും ചെയ്യട്ടെ.

അല്ലാതെ, ഇപ്പോൾ ഇദ്ദേഹത്തിൻെറ സൎഗ്ഗസത്തയെക്കുറിച്ചു് നിശ്ചിതമായ വല്ല നിഗമനത്തിലും എത്തുന്നതു നീതിയാവില്ല. കമ്പിമുറുക്കിവെച്ച വീണ; കാററിൻെറ ഓരോ വീചിയും അതിൽ കുറെ ശ്രുതികലാപമുയൎത്തുന്നു. നിഷ്കൃഷ്ടമായ സംവിധാനംവഴി ആ ശ്രുതികളെ ഏകഫലോന്മുഖവും ഏക ലയോന്മുഖവുമായി സംഘടിപ്പിക്കാനൊന്നും മിക്കവാറും സാധിച്ചിട്ടില്ല. ഇതാണിപ്പോൾ ഈ കവിയുടെ നില. 'ജലപുഷ്പം' 'ശബ്ദങ്ങൾ' 'ഗാനം' എന്നീ രചനകളിൽ സ്വന്തം സൃഷ്ടിപ്രക്രിയയെക്കുറിച്ചുള്ള എന്തോ അൎത്ഥകല്പന ഉൾക്കൊള്ളിച്ചിട്ടുണ്ടു് എന്നു തോന്നുന്നു. എടുത്തു വ്യാഖ്യാനിക്കാൻ മാത്രം സ്പഷ്ടമല്ല അവ, എന്നു മാത്രം.

ആകെക്കൂടി; വേണ്ടിയും വേണ്ടാതെയും വാരിത്തൂവുന്ന വൎണ്ണപ്പകിട്ടുകൾ കുറേക്കൂടി ആസൂത്രിതമായി, അവധാനതയോടെ വിനിയോഗിക്കേണ്ടിയിരിക്കുന്നു. കുറച്ചു വിതച്ചു കൂടുതൽ കൊയ്യുക എന്നതാണല്ലോ കാവ്യഭാഷയുടെ വിശേഷസിദ്ധി. അതിൽ ഈ കവിയുടെ ദൃഷ്ടി ഭദ്രമായി പതിയേണ്ടിയിരിക്കുന്നു. അങ്ങിനെ ഒരു പാകത വരുന്നതോടെ ഈ സമാഹാരത്തിൽ ഇടയ്ക്കനുഭവപ്പെടാവുന്ന ഒരുതരം ബാലിശത്വം പരിഹരിക്കപ്പെട്ടുമെന്നും ആശിക്കുന്നു. അനസൂയാപ്രിയംവദമാരെക്കുറിച്ചു്.

''കാളിദാസൻെറ മണിച്ചെപ്പിനുള്ളിലെ
മാണിക്യമുത്തായ്‌വിളങ്ങുന്ന നിങ്ങളെ
ഞാ'നനസൂയാപ്രിയംവദ' മാരെന്നു
മാറോടുചേൎത്തുവിളിക്കട്ടൊരിത്തിരി'' എന്നൊക്കെ എഴുതുന്നതാണു് ബാലിശത്വം എന്നതുകൊണ്ടു് ഞാനുദ്ദേശിക്കുന്നതു്. 'കണ്വൻ'എന്ന കവിതയ്ക്കുംതോന്നി ഇങ്ങനെ എന്തോ ഒരു പ്രൗഢ

പോരായ്ക. കാളിദാസൻെറ ആ അനശ്വരകഥാപാത്രത്തിൽ പാലിക്കപ്പെട്ട സമതുലിതത്വത്തിലേയ്ക്കു കണ്ണുചെന്നതു മതിയായോ എന്നാണു സംശയം. അതിനാൽ സോമദാസൻെറ കണ്വൻ കണക്കിൽകവിഞ്ഞു ദുർബ്ബലനായിപ്പോകുന്നു. ഇരിക്കട്ടെ, ഈ കവിക്കു് ഭാവഗൗരവവും പദസ്ഥൈര്യവും ആശംസിക്കുക–അതിൽ കവിഞ്ഞു് എനിക്കൊന്നും ചെയ്യാനില്ല. കവിതയ്ക്കുവേണ്ട മററു മൗലികസംസ്കാരങ്ങൾ ഇദ്ദേഹം ഇപ്പൊഴേ സ്വായത്തമാക്കിയിട്ടുണ്ടു്.

ഈ ആശംസ കേവലം ഔപചാരികമായ ഒന്നല്ലതാനും. ഭാഷയും സാഹിത്യവും വിദഗ്ദ്ധമായി പഠിച്ചു്, പ്രശസ്തമായി എം. എ. ജയിച്ചു് കോളെജിൽ ഉയന്ന നിലവാരത്തിൽ അദ്ധ്യാപനം നടത്തുകയാണിദ്ദേഹം. ഈ പശ്ചാത്തലത്തിൽ ഇദ്ദേഹത്തിൻെറ കവിത ആരോഗ്യകരങ്ങളായ ചില പരിവത്തനങ്ങൾ ആജ്ജിക്കാനിടയുണ്ടു്. അടിസ്ഥാനപരമായ സാഹിത്യവാസനയുണ്ടെങ്കിൽ പിന്നെ അതിനെ സംസ്കരിക്കാനും സർഗ്ഗാത്മകമാക്കാനും സഹായിക്കുമല്ലോ അദ്ധ്യയനവും അദ്ധ്യാപനവും. തങ്ങൾക്കു പഠിപ്പില്ലെന്നതു് വലിയൊരു തൻേറടമായി കൊട്ടിഘോഷിച്ചുനടക്കുന്ന ചില എഴുത്തുകാരും നമുക്കുണ്ടു്. അതിൻെറ പൊരുളെന്തെന്നതു് വേറേ വിഷയം. ഏതായാലും അങ്ങനെ കൊട്ടിഘോഷിക്കുന്നതു് ഇന്നൊരു പരിഷ്കാരമല്ലാതായിക്കഴിഞ്ഞില്ലേ? പഠിപ്പുണ്ടായിപ്പോയി എന്നുവെച്ചു് ഒരപകർഷബോധം, വ്യാകരണംവായിച്ചുപോയി എന്നുവെച്ചു്ഒരധമത്വഭാവം–അതിൻെറ ആവശ്യം ഇപ്പോൾ ഇല്ലതന്നെ! ശ്രീ സോമദാസൻ അദ്ദേഹത്തിൻെറ പഠനത്തിൻെറ സിദ്ധികൾ കവിതയിൽ ഫലിപ്പിക്കട്ടെ, ആ കവിത ഇനിയും പാകപ്പെടട്ടെ എന്നാശിക്കുന്നതു് അതിനാൽ ഒട്ടും അസ്ഥാനത്താവില്ല.

റീജിയണൽ കോളെജ് ഓഫ്
എഡ്യൂക്കേഷൻ,
മൈസൂർ.
5-4-1969.

കെ. പി. ശങ്കരൻ.

## വെളിച്ചം

മധുരയൗവ്വന
മലർവനങ്ങളിൽ
മദിച്ചു പാറുമെൻ
ഹൃദന്ത ഭൃംഗമേ,

സുഗന്ധവീചികൾ,
സുഖലഹരികൾ,
സുരുചിരസ്വപ്ന–
മദാനുഭൂതികൾ,–

നുകർന്നുവീണു നീ
യുറക്കമെല്ലി, യി–
ന്നുറഞ്ഞുകൂടിയോ
രിരുളറസ്സുള്ളിൽ?....

നിറപറയുമായ്
നിലവിളക്കുമായ്
നറും വെളിച്ചത്തിൽ
ഇളം കുരുന്നുകൾ

ഒരുങ്ങി നില്ക്കുമീ
വിരുന്നുശാലയിൽ
ഒരു നിമിഷം നീ
യുണർന്നുവന്നാലും!

തുടുത്ത മുന്തിരി
പ്പഴങ്ങൾ രുദ്രാക്ഷ
മണികളാകുമീ
വിശുദ്ധ വേദിയിൽ

ഒരു തിരിനാമ്പായ്
ഉരുകാവൂ, തവ
സിരകളിലൂറും
അഹന്തയാകവേ;

ഒരു പൂജാപുഷ്പ–
ദലമായ് വീണു നീ
വിലയം കൊള്ളാവൂ,
വിശുദ്ധിയേലാവൂ !

....0....

## ഒരു നോൺഗസററഡ് കവി

സ്വപ്നങ്ങൾ കത്തിക്കരിഞ്ഞുകിടക്കുമെൻ
സൎഗ്ഗപ്രതിഭതൻ പാഴ്മരുഭൂമിയിൽ
അവ്യക്ത ചിത്രങ്ങളെന്നപോൽ തങ്ങളി–
ലക്കങ്ങൾ കെട്ടിപ്പിണഞ്ഞു കുരുങ്ങവേ,

വെട്ടും തിരുത്തും പകപ്പുമായീ മതിൽ–
ക്കെട്ടിലിരുന്ന തുരുമ്പിസ്റ്റുയാണു ഞാൻ.
പ്രാണവിപഞ്ചിതൻ ലോലതന്ത്രുക്കളി–
ലീണത്തി ലൂറിത്തുടിയ്ക്കും കിനാവുകൾ

നീറുന്നമണ്ണിൻ വരണ്ടചുണ്ടിൽ വീണ
നീഹാരബിന്ദുപോൽ വററുന്ന ജീവനിൽ!
ചന്ദന മുല്ലക്കുടങ്ങളിൽ ഹേമന്ത
ചന്ദ്രിക തൂന്നിയ രോമഹർഷങ്ങളിൽ

മേവും നിശാശലഭങ്ങളോടൊത്തുചേ–
    ന്നോമൽക്കിനാവിന്റെ തേനുണ്ടുറങ്ങുവാൻ,
–പൊൻപൊടി പൂശിയ ചുണ്ടാലുഷഃസന്ധ്യ
    ചുംബിച്ചുണർത്തും വനനികുഞ്ജങ്ങളിൽ

മർമ്മരവല്ലകി മീട്ടും കുളിരിളം
    തെന്നലോടൊന്നിച്ചുലഞ്ഞുനടക്കുവാൻ
എന്തൊരു ദാഹം തുടിപ്പതുണ്ടെൻ കരൾ–
    സ്പന്ദങ്ങളിൽ പൂത്ത ഗാനത്തിലിപ്പൊഴും....!

പൊന്നഴിക്കെട്ടുകൾ ചൂഴുമൊരേകാന്ത
    പഞ്ജരത്തിൽ വീണുഴറും പതംഗിപോൽ
ത്തുവെളിച്ചത്തിന്റെ പാൽക്കുഴമ്പുണ്ണുവാ–
    നാവാതെ തേങ്ങുകയാണെന്നി ലിന്നു ഞാൻ.

ശീകരബിന്ദുക്കളോരോന്നിലു മാത്മ–
    രാഗത്തുടിപ്പു പകരുമുഷസ്സുകൾ,
ചന്ദനപ്പൊയ്കയിലാറാടിടും ശരൽ–
    സന്ധ്യകൾ, നീലസുഗന്ധരജനികൾ

എൻ സ്വപ്നരാജ്യപഥങ്ങളിൽ, നൂപുര
    നിസ്വനം തൂകിയണയുമ്പൊഴൊക്കെയും
കൊട്ടിയടച്ച കതകിനുള്ളിൽ വീർപ്പു
    മുട്ടുകയാണെന്റെ പ്രാണന്റെ നൊമ്പരം!

കണ്ണീരലകളിലോണനിലാവുപോ–
    ലുമ്മവച്ചെത്തുന്ന സ്വപ്നാനുഭൂതികൾ
വർണ്ണപ്പകിട്ടുകൾ തുന്നിയ ജീവിത
    സ്പന്ദങ്ങളാർപ്പിട്ടുണരുന്ന ചുറ്റിലും!

ആവുകില്ലാമൃദുവീചികൾക്കെൻ തപ്ത-
　　ജീവനെ ച്ചൂഴമഴികൾ പൊട്ടിക്കുവാൻ-
നിഷ്പന്ദമാമീപരിസരത്തിൽ മൂക-
　　നിർജ്ജീവമാണിളംകാററും വെളിച്ചവും!

(അക്കങ്ങൾ വീണു കുരുങ്ങുകയാണെൻെറ
　　സ്വപ്നസഞ്ചാര പഥങ്ങളിൽ കൂടിയും....)
തുള്ളിത്തുളുമ്പും വെളിച്ചമൊരല്പവു-
　　മുള്ളിൽ കടക്കാതിരുട്ടിൻ തുരുത്തുപോൽ

മൗനഗഭീരതയാർന്നു നില്ക്കുന്നൊരീ
　　മന്ദിരത്തിൻ തമസ്സാർന്ന ഹ്രദങ്ങളിൽ
ആറാത്ത നോവിൻ നെരിപ്പോടെരിയുന്നൊ-
　　രാത്മാവുമായി പുകഞ്ഞുനില്ക്കുന്നു ഞാൻ.

അക്കങ്ങളിലൂടെ വെട്ടും തിരുത്തുമാ-
　　യെൻ കൊച്ചു തൂലിക തപ്പിത്തടയവേ
രക്തം പൊടിച്ചിടാറുണ്ടതിൻ തുമ്പിലും
　　തപ്താശ്രുബിന്ദുവെന്നന്തർ മിഴിയിലും!....

.... .... .... ....

ചോലക്കരയിൽ നിറമയിൽപീലി നീ-
　　ർത്താലോലമാടും മുളങ്കാട്ടിൽ നിന്നുഞാൻ
ഫുല്ലസംഗീതം തുടിക്കുമൊരു കൊച്ചു
　　പുല്ലാങ്കുഴലു കടം വാങ്ങിയിന്നലെ.

പൊന്തകൾക്കുള്ളിൽ മയങ്ങുന്ന താമര-
　　പ്പൈങ്കിളിപ്പേടതൻ സ്വപ്നദലങ്ങളിൽ
നിന്നു തുളിക്കും മരന്ദം കവർന്നിട്ടു-
　　ത്തേന്മുളംതണ്ടിൽ മധുരംപുരട്ടി ഞാൻ

കുന്തളച്ചാർത്തുലച്ചാടുന്ന പുഷ്പനി-
കുഞ്ജങ്ങളെ മുകർന്നെത്തിടും തെന്നലിൽ
പാറിയ സൗരഭ്യരേണുക്കൾ പാകിയെ-
ന്നീറക്കുഴലിലിലുന്മാദലഹരികൾ.

ഞാനറിയാതെൻ മുളന്തണ്ടിലവ്യക്ത
ഗാനലയങ്ങളുറവിട്ടുണരവേ
തുന്നിപ്പിടിപ്പിച്ചിതെൻമനസ്സിൻ മൃദു-
സ്പന്ദങ്ങളാൽ താളഭംഗികൾ ഞാനതിൽ.

നോവുമാത്മാവിൻ നിഗൂഢതയ്ക്കുള്ളിലെ
നാദദലങ്ങൾ കൊരുത്തെടുത്തങ്ങനെ
നീളുകയായെൻ മുളം കുഴലിൻ പ്രാണ-
നാളത്തിലൂടൊരു സംഗീതമാലിക.

ഹാരിയാം ഹേമന്തരാവിൽ, നിശാസുമ-
രാജിയെച്ചൂഴുന്ന മഞ്ഞലമാതിരി
ഏതോ വിഷാദാർദ്രഭാവം ഞെറിഞ്ഞിട്ടൊ-
രാവരണം മമ ഗാനാങ്കുരങ്ങളിൽ.

.... .... .... ....

തൂവെളിച്ചത്തിൻ മധുമാരിയിൽ സ്നിഗ്ദ്ധ-
ജീവിതസ്വപ്നങ്ങൾ പൂക്കുംവനങ്ങളിൽ
കൂടണയ്ക്കാനായ് കൊതിച്ചൊരെൻ പൈങ്കിളി
പ്പേട ചിറകററു പൂഴിയിൽ വീണുപോയ്.

ഉൽഫുല്ലജീവിത ഭാവങ്ങൾ തൻമൃദു-
സ്പർശമേല്ക്കാത്തൊരീ കൂരിരുൾപഞ്ജരം
എൻ സിരാതന്തുവിലൂറിയ ചൈതന്യ
ബിന്ദുവോരോന്നും വലിച്ചെടുത്തീടവേ

പാടി മുഴമിച്ചിടാത്തൊരു പാട്ടിൻെറ
വേദനനിന്നു പിടയുന്നു ജീവനിൽ.
ഏതോ മധുരാനുഭൂതിതൻ കന്ദള-
രേഖകൾ പുൽകിയുണത്തുമെൻ പ്രാണനിൽ

പൊട്ടിത്തളിക്കുന്ന രോമഹർഷങ്ങളെ
പിച്ചിയെടുത്തൊരു പൂമാല കെട്ടുവാൻ
താമരത്തുവിരൽത്തുമ്പുയത്താറുണ്ടു
മാമകമോഹങ്ങളേകാന്തതകളിൽ.

എന്മനസ്സിൻ പുഷ്പതാലത്തിൽ മിന്നുമാ
സംഗീതമാല്യമപൂർണ്ണമാണെങ്കിലും
പൊന്നുഷസ്സിൻ മണിക്കിങ്ങിണിത്തേരൊലി
പൊങ്ങുമീ വീഥിയലങ്കരിയ്ക്കട്ടെ ഞാൻ.

....0....

Jawahar Balbhavi
KOT

## പുള്ളിമാൻ

മധുപൗർണ്ണമിയുടെ
മാംഗല്യവിരുന്നിനായ്
ഋതുകന്യകരം മണി-
പ്പന്തലിട്ടൊരു കാലം,

വെള്ളിലക്കുരുന്നുകരം
മേഞ്ഞുമേഞ്ഞൊരു കൊച്ചു
പുള്ളിമാൻ വന്നു ചൈത്ര-
രാവിലീ വനങ്ങളിൽ!

കുളിർമഞ്ഞണിയുന്ന
ചെന്തളിരുകരം നീല-
ക്കുയിലിൻ മുരളിയിൽ
പഞ്ചമമുണർത്തവേ,

..n & Children's Library,
A M.

സ്വപ്നഗന്ധികളിതാം
ക്കമ്പിളിൽനിന്നും രാഗ–
സ്നിഗ്ദ്ധസൗരഭമിളം
തെന്നലിൽ പകരവേ,

ആ ലഹരിതൻ ഹർഷ
വീചിയിലൊരു പിഞ്ചു
താമരയിതാംപോലെ
ചാഞ്ചാട്ടം കിനാവുമായ്

വെള്ളിലക്കരുന്നുകരം
മേഞ്ഞുമേഞ്ഞലഞ്ഞിത–
പ്പുള്ളിമാൻ രജനിതൻ
പുഷ്പിത നികുഞ്ജത്തിൽ....

....      ....      ....

ആയിരം നിറദീപ
മാലകളെരിയും വിൺ
ഗോപുരനടയിലെ
പുഷ്പവീഥിയിലൂടെ,

ഒരുനാളൊരുമണി–
ത്തേരൊലി നീലക്കാടിൻ
കരളിൽ നിലാവിൻെറ
ധൂളികരംക്കൊപ്പം പാറീ!

ഉല്പല ദളനേത്ര
പാളികരം വിടർത്തിക്കൊ–
ണ്ടല്പനേരമാ പുള്ളി–
മാൻപേട ചെവിയോർത്തു

Children's Library,

വരുന്നു വേട്ടക്കാരൻ!
....വെള്ളിമാമലത്താഴ–
ത്തുരുളും ചക്രത്തിൻ നാദ–
മല്ലി, മാററൊലിക്കൊൾവൂ?

പാതിരാ നിഴൽതേടി
ക്കുതിയ്ക്കുമ്പൊഴേയ്ക്കുന്നേ
ഭീതിതൻ തുടൽമാല
കഴലിൽ കുരുങ്ങുവാൻ?

ഞാണൊലി പൊങ്ങീ പിന്നിൽ;
ഒരു കൂരമ്പിൻ മുന
മേനിയിലാഴ്ന്നാ കൊച്ചു–
പുള്ളിമാൻ വീണു കാട്ടിൽ!

പൂവുകൾ തേങ്ങിത്തേങ്ങി
മന്ത്രിച്ചു പരസ്പരം.
''ഈ വനം കാണാൻ കാത്ത
സ്വപ്നമേ!....പൊലിഞ്ഞു നീ..''

....                ....                ....

മധുപൗർണ്ണമിയുടെ
മാംഗല്യ വിരുന്നുണ്ടു
ഋതുകന്യകൾ മദ
നൃത്തനമാടും കാലം.

വെള്ളിമേഘത്തിൻ ചാര–
ത്തൊരു പൊന്നഴിക്കൂട്ടി–
നുള്ളിലിന്നുമാ പുള്ളി–
മാൻ കിടാവിനേ കാണാം.

ദൂരെദ്ദൂരെയീ വന-
　　സാനുവിൽ, പരിമള–
ധാരയിലലിളംകാററിൻ
　　കിങ്ങിണി കിലുങ്ങുമ്പോഴം

ആ മിഴിത്തുമ്പിൽ നിന്നു
　　മൂറിട്ടംപോലും, മൂക-
യാമിനികളിൽ ബാഷ്പം
　　ശീകരബിന്ദുക്കളായ്!....

....0....

**അനസൂയ, പ്രിയംവദ**

നീലനിലാവിൻ മുലക്കച്ചയുന്നുവീ-
　　ണാലസ്യമാന്നു മയങ്ങുന്ന രാത്രികൾ,
മാലിനീ തീരത്തുനിന്നും മദജല-
　　മോലും കളിർകാററിലിക്കിളിക്കൊള്ളവേ

കോരിത്തരിച്ചുണന്നെന്തിനോ നാണിച്ചു
　　ളുമുഖം പൊത്തിയൊളിയ്ക്കയാണോമ്മയിൽ.
പുഷ്പരേണുക്കളാൽ പൊൻ നൂപുരം ചാത്തി
　　നൃത്തം ചവിട്ടുന്ന കുഞ്ഞലച്ചാത്തുകൾ

ആമ്പലപ്പൂക്കളൊലൃതിവിടത്തുന്നൊ
　　രാത്മഹർഷങ്ങൾ തന്നോരോദലത്തിലും
തേനുണ്ടചാഞ്ചാടി നില്ക്കുകയാണെൻെറ
　　ഗാന,മോരോമനപ്പൂത്തുമ്പിയെന്നപോൽ.

X　　X　　X　　X

ആ മലരല്ലികൾ കൊത്തുവാനെങ്ങുനി-
ന്നാണു വന്നെത്തീ, മരാളമിഥുനമേ?....
മാതളപ്പൂമണിച്ചുണ്ടത്തനുരാഗ
മാധുരിയിററും മണിതങ്ങളൂററവേ,

തൂവൽച്ചിറകാൽ ജലപ്പരപ്പിൻനെഞ്ചി-
ലായിരം മാരിവിൽ ചാർത്തിയും മായ്ച്ചുമേ
എന്മനസ്സിൻെറ സരോവരത്തിൽ വിരു-
ന്നെത്തിനിങ്ങൾ രണ്ടു തങ്കക്കിനാക്കളായ്!

എന്മനചിന്തതൻ വ്യോമപഥങ്ങളിൽ
പൊന്മയൂഖങ്ങൾ വിടരുമ്പൊഴൊക്കെയും
ചക്രവാളത്തിൻ മതില്ക്കെട്ടിനപ്പുറം
ലജ്ജിച്ചുനില്ക്കുമൊരേകാന്തതാരകം

ആത്മാവിൽ നിന്നുമടർത്തിയെറിഞ്ഞ ര-
ണ്ടാനന്ദരശ്മിക ളെന്നതുപോലവേ
നിങ്ങൾ പറന്നുവന്നെത്തിടാറുണ്ടിളം
തെന്നലിൻ തൊങ്ങലാന്ദോളനോ നിത്യവും.

മോഹമോടെന്മനം നീട്ടിപ്പിടിക്കുന്ന
താമരക്കുമ്പിളിൻ രണ്ടു നീർമുത്തുകൾ
തൂകിപ്പറന്നുപോംനിങ്ങൾ, മിഴിയഞ്ചു-
മോമനത്തൊങ്ങലടിച്ചടിച്ചങ്ങിനെ!

X X X X

നിങ്ങടെ മോഹങ്ങൾ കൂടണയ്ക്കാറുള്ള
പച്ചക്കുടീരമേതെന്നറിയുന്നു ഞാൻ.
ദുഃഖം നീഴലിട്ടു നില്ക്കുന്ന മാലിനീ
പുഷ്പവാടത്തിൻെറ തപ്തനിശ്വാസമായ്

എന്നുപബോധതലങ്ങളിൽ വന്നുനി–
ന്നെന്തിനായ് തേങ്ങുന്നുവെന്നു,മറിവുഞാൻ
സ്നേഹാമൃതം ചുരത്തുന്നൊരാമണ്ണിൻെറ
ദാഹമുയിക്കൊണ്ട പൊന്നുംകിനാക്കളേ,

മാൻപേടയെപ്പോലെ നാണിച്ചൊളിക്കുവാൻ
മാത്രമറിയും യുവകുഡ്മളങ്ങളേ,
കാളിദാസൻെറ മണിച്ചെപ്പിനുള്ളിലെ
മാണിക്യമുത്തായ് മിനുങ്ങുന്ന നിങ്ങളെ

ഞാ,'നനസൂയാ പ്രിയംവദ'മാരെന്നു
മാറോടു ചേർത്തു വിളിച്ചുകൂട്ടൊരിത്തിരി:
എത്ര യുഗങ്ങളായ് നിങ്ങളെന്നാത്മാവി–
ലൊട്ടിനില്ക്കുന്നൊരു ഗദ്ഗദവീചിയായ്.

കണ്വാശ്രമത്തിൽ നിന്നന്നൊരു വേളയിൽ
കണ്ണുനീരോടെ പിരിഞ്ഞവരാണു നാം.
മാമരച്ചാർത്തുകൾക്കപ്പുറം നിത്യമായ്
മായും ശകുന്തളയ്ക്കാശിസ്സു നേരുവാൻ
നിങ്ങൾ വിതുമ്പുമാരംഗം യുഗങ്ങളേ
പിന്നിട്ടുയിക്കൊൾകയാണെൻെറയോർമ്മയിൽ!

X X X X

കാളിദാസൻെറ കിരീടത്തിലെ മയിൽ–
പ്പീലിയിൽ വെട്ടിത്തിളങ്ങും നിറങ്ങളേ,
എന്മൗനഭാവനാ വ്യോമപഥങ്ങളിൽ
വർണ്ണമയൂഖങ്ങൾ നെയ്തുനെയ്തങ്ങിനെ
രണ്ടരയന്നപ്പിടകളായെത്തിടാ–
റുണ്ടുനിങ്ങൾ ധന്യമാം നിമിഷങ്ങളിൽ....

X X X X

നീലനിലാവിൻ മുലക്കച്ചേയ്യന്നവീ-
ണാലസ്യമാന്നീ രജനി മയങ്ങവേ
എന്മനസ്സിൻെറ സരോവരത്തിൽ വിരു-
ന്നെത്തിനിങ്ങരം രണ്ടു ഹർഷബിന്ദുക്കളായ്.

കണ്ണുനായ് മാറുകയാണറിയാ,തെൻെറ
കണ്ണിൽ കലിയ്ക്കുയാണച്ഛൻെറ കണ്ണുനീർ.
മാൺപെഴും നിങ്ങടെ പൂവുടലീറനാം
മാറോടമത്തിത്തഴുകുന്നൊഴൊക്കെയും

ഇന്നും സഫലീകരിയ്ക്കാത്തൊരാശതൻ
നൊമ്പരം വീപ്പ്പിട്ടു നില്ക്കുന്ന ജീവനിൽ.
മാംഗല്യമാല്യം കൊരുക്കുവാൻ കണ്ണുനീർ
മാത്രമാ,ണിന്നുമീ യച്ഛൻെറ കൈകളിൽ.

....0....

## ദുഃഖം

നറുതേനൊലിക്കുന്ന
താമരത്തളിർച്ചുണ്ടി-
ലിഴകിത്തെന്നും സ്മേര-
കന്ദളങ്ങളുമായി,

എന്നടുത്തെത്തുന്നു നീ
യോമനേ! മരതക-
ക്കിങ്ങിണി കിലുക്കിക്കൊ-
ണ്ടൊരു പൂമ്പാറ്റ പോൽ.

ബുദ്ധിശാലകൾക്കുള്ളിൽ
ചിതൽ മൂടിയ പുരാ
വൃത്തങ്ങൾ തേടിത്തള
ർന്നുഴറും മനസ്സോടെ

അറിവിൻ കിനാവള്ളി
ച്ചുഷ്ടിടുമാത്മാവിൻെറ
പരിദേവന മാരു–
മറിയാതമത്തി ഞാൻ

ഗൗരവപ്പൂവ്വും തുട–
ന്നീടുന്നു, പരിഹാസ്യ
നാകുവാൻ മാത്രം വീണ്ടും
വിജ്ഞാന തീത്ഥാടനം!

വണ്ണഭംഗികളോലു–
മുഷസ്സും, കുളുർനീല
വെണ്ണിലാവൊഴുകുന്ന
ഹേമന്ത നിശകളും

മാന്തളിരുണ്ണും കുയിൽ
പ്പേടതൻ പാട്ടും നറും
പൂന്തൊടികളിലൂയ–
ലാടുന്ന സൗരഭ്യവും

ശുഷ്കമാമെൻ ചിന്ത തൻ
പുറവേലിയിൽ വന്നി–
ട്ടെത്തി നോക്കുമ്പോഴെല്ലാം
മുഖം ഞാൻ തിരിക്കുന്നു

(ജ്ഞാനത്തിൻ മൃഗതൃഷ്ണ
യാണെൻെറ ലക്ഷ്യം; തീത്ഥ
യാനത്തിൽ വിഘ്നാതമാ–
ണീവക വിഭ്രാന്തികൾ.)

മധുരം തുളിക്കുന്ന
ലോലമാം വികാരങ്ങൾ
മരണം വരിയ്ക്കുയാ
ണെന്നുള്ളി ലനുവേലം.

കൊഞ്ചയാന്നിട്ടുമിളം
ചൊടിയിലൊരു പാട്ടിൻ
കിങ്ങിണി മുത്തംകൊത്തി
യെത്തുമെന്നാരോമലേ,

പിണക്കം നടിച്ചു നീ
മാറിനില്ലാതൊന്നെൻറ
മടിപൂകുവാനായി
ചാഞ്ചാടി യണഞ്ഞാലും!

ആ വിരലുഴിയുമ്പോ–
ഴെൻ നെഞ്ചിലൊരു നേർത്ത
ഗാനമായുണരട്ടേ
അച്ഛൻെറ വികാരങ്ങൾ....

....0....

## തപസ്സ്

ഉത്രാടരാവിന്നുറക്കറെയ്യുള്ളിലെ
സ്വപ്നാടനക്കാരനാമിളം തെന്നലേ,
ചിങ്ങനിലാവു മിളംവെയിലും വണ്ണു
ചിത്രങ്ങരം തുന്നും നടക്കാവിലൂടവേ

ഇത്തിരുമുററത്തു നീ വരാൻ നോററുകൊ–
ണ്ടെത്തറ നാളായ് തപിച്ചു നില്ക്കുന്നു ഞാൻ.

.... .... .... ....

ഏതോ മധുരാനുഭൂതി തന്നാനന്ദ
പാരവശ്യത്താൽ മദിച്ച മനസ്സുമായ്
നീലനിലാവിൻെറ നീരാട്ടുപൊയ്കയിൽ
നീന്തിയോരീറൻ തുകിലണിപ്പൂവുകരം

പാദസ്വരങ്ങൾ കിലുക്കികിലുക്കിയീ
വീഥിയിലിന്നലെ നൃത്തം ചവിട്ടവേ
കാണാത്ത തങ്കക്കിനാവായ്, ഒരേകാന്ത
വീണയിൽ തേങ്ങുന്ന മൗനസംഗീതമായ്

ഈ നിഴൽപ്പാടിലൊതുങ്ങിനിന്നു വന-
നീലിമതൻ മിഴിത്തുമ്പിലെ ബിന്ദു ഞാൻ!

.... .... .... ....

വാസന്തമഞ്ജുള രാഗാനുഭൂതികൾ
വാരിത്തഴുകി വളർത്തിയ തെന്നലേ
ഏതു സുഗന്ധലഹരിയേററാണു നിൻ
ചേതനയുന്മത്തമാകുവതീ വിധം!

തെന്നിവഴുതുന്നുവല്ലോ തളിരില-
ച്ചില്ലുകൾ തോറും പതിയ്ക്കു നിൻ കാലുകൾ.
–അല്ലെങ്കി,ലെന്തിന്നൊരു മിഴിനീർമണി
യെന്നിയേ സമ്പത്തെഴാത്തൊരീ നിസ്വ ഞാൻ

ആരാഞ്ഞിടുന്നു നിന്നാത്മാവിനെ ച്ച്ര്ഴ-
മാനന്ദവാഹിനി തൻനീരുറവുകൾ?

.... .... .... ....

ഉത്രാടരാവി.നുറക്കറ വാതിലിൽ
മുട്ടിവിളിക്കുവാൻ പോമിളംതെന്നലേ,
എൻമൂകനിദ്രതൻ തീരങ്ങളിൽ ചേന്നു
കണ്ണുചിമ്മുന്നൊരീ സ്വപ്ന മരാളികൾ

കാനനപ്പച്ചിലച്ചാർത്തുകൾക്കുള്ളിൽ നിൻ
　　കാലൊച്ചകേൾക്കെ ത്തരിച്ചുണരുന്നിതാ!
ദുഃഖതമസ്സിൽ തപം ചെയ്തു നില്ക്കുമെൻ
　　ഭഗ്നഹൃദന്തം വിതുമ്പുകയാണിദം:

''കാമൻെറ കാമനാം നിന്നാത്മനായകൻ
　　കാണുവാനെത്തുമീ ധന്യമാം വേളയിൽ
നിന്നിതൾക്കുമ്പിളിലെന്തു,ണ്ടൊരു കണം
　　കണ്ണുനീരെന്നിയേ കാണിയ്ക്ക വയ്ക്കുവാൻ?''

....0....

## രാജകുമാരൻ

ആഗതനാകുന്ന നേരമായീ വഴി–
യ്ക്കാ യുവരാജകുമാരനമ്മേ!
ജാലകവാതിലടച്ച ഞാനെങ്ങിനെ
ജോലിയിലേപ്പെട്ട മീയുഷസ്സിൽ?

ഏതുടയാടയണിയണം, വാർമുടി
കോതിയൊതുക്കണെ മേതു മട്ടിൽ?
വിസ്മയമാന്ന മിഴികളാലെന്തമ്മ–
യെന്മുഖത്തുന്മുഖം നോക്കിടുന്നു?

.... .... .... ....

ഞാനറിയുന്നൊരു തെല്ലിട പോലുമീ
വാതിലിലിലൂടവൻ നോക്കുകില്ലാ
കണ്ണടച്ചൊന്നു തുറക്കുമ്പൊഴേയ്ക്കുവ-
നെങ്ങോ മറഞ്ഞു കഴിഞ്ഞിരിക്കും.

ആരാലൊലിച്ചെത്തു, മെങ്ങുനിന്നോ നേരെത്താ-
രാവേണ്ടനിസ്വന മൊന്നു മാത്രം!
എങ്കിലു,മാ മധുരോദാരദർശ്ശന-
നെത്തിടുമീ നടക്കാവിലൂടെ-

ഞാനീ മനോജ്ഞമാം പട്ടുടയാടയെൻ
മേനിയിൽ ചാർത്തിയൊരുങ്ങിടട്ടേ....

.... .... .... ....

ആഹാ കടന്നുപോയ് തെല്ലു മുമ്പീവഴി-
യ്ക്കായുവരാജകുമാരനമ്മേ!
ബാലാർക്കബിംബം ജ്വലിച്ചുനിന്നാ ധന്യ
വേളയിൽ തന്മണിസ്യന്ദനത്തിൽ.

ആ നിമിഷത്തിൽ ഞാൻ നേർത്ത മുഖപട-
മാനനത്തിൽ നിന്നുരിഞ്ഞു മാററി,
പൊട്ടിച്ചെറിഞ്ഞു ഞാനാവഴിയിൽ മമ
രത്നം പതിച്ച പവിഴമാല്യം!

.... .... .... ....

സ്വീകരിച്ചീലവ നാദരവോടിവ-
ളേകിയ കാണിക്ക;—ഞാനറിവൂ
ആ രത്നമാല്യം ഞെരിഞ്ഞമർന്നൂ മണി-
ത്തേരുരുളുംചക്ര മുരുണ്ട മണ്ണിൽ.

പൂഴിമണ്ണോലുമാ വീഥിയിൽ കാണായി
നേരിയ സിന്ദൂര രേഖമാത്രം.
ആരുമറിഞ്ഞീലെൻ കാണിക്ക യെന്തെന്നു–
മാരുടെ കാൽച്ചോട്ടിലപ്പിച്ചെന്നും!

.... .... .... ....

എങ്കിലെ,ന്താ യുവ രാജകുമാരക–
നെൻ കിളിവാതിലിൽ വന്നുവല്ലോ;
അത്തിരുമുമ്പിൽ ഞാൻ മാറിലേ മാണിക്ക്യ
മപ്പിച്ച ധന്യതയാന്നുവല്ലോ!!

(ടാഗോർ)

....0....

5166

## പുനർജ്ജന്മം

വന പൗർണ്ണമിയുടെ
നൃത്തവേദിയിൽ നിന്നും
മണിനൂപുരലോല
നിസ്വന തരംഗങ്ങൾ

പുഷ്പരേണുക്കൾ പാദം–
പോലിളംകാററിൽ, മമ
ശില്പശാല തൻ കിളി–
വാതിലിൽ കിലുങ്ങവേ

സർഗ്ഗസാധനയുടെ
വല്മീകം തകൎന്നു മൽ
പ്രജ്ഞയിലൊരു ഹർഷ–
കന്ദളം കിളുൎത്തുവോ?

ഋതു കന്യകളോമൽ
കൈക്കുടന്നയിൽ നറു,
മധുപാത്രവുമേന്തി
കാത്തു നിന്നിടും നാളിൽ,

ഹാരിയാം മധുമാസ
രാവുകരം മദാലസ
ഹാസവും പൊഴിച്ചെത്തു-
മേകാന്തയാമങ്ങളിൽ

ഒരു സ്വപ്നത്തിൻ കര-
വല്ലികരം പകന്നേകും
കുളിരി, ലെല്ലാം മറ-
ന്നിന്നലെ മയങ്ങീ ഞാൻ.

വീണയിലലിളം കാററു
കൈവിരലുഴിഞ്ഞോരോ
ഗാനവുമുണത്തുമ്പോ
ഴെന്തിനോ തേങ്ങീ മനം,

തളിർവല്ലികരം ചൂടും
മൊട്ടുകളോരോന്നു മെൻ
തനുവിൽ പുളകാങ്കു-
രങ്ങളായ് വിടരവേ,

വനനീലിമ വാന്ന
സാന്ദ്രസൗരഭമെൻെറ
മനസ്സിൽ തളംകെട്ടി
നീർച്ചാലായൊലിയ്ക്കുവേ

മധുരാസ്വാസ്ഥ്യത്താലേ
വീർപ്പുമുട്ടുമെൻ മൂക
ഹൃദയം മിഴിത്തുമ്പിൽ
നിന്നുരുകുകയായീ

ഒരു ദുഃഖത്തിന്നഗ്നി
കുണ്ഡത്തിൽ വനപുഷ്പ-
ദലമെന്നപോൽ നീറി
യെന്നുള്ളിൽ കിടന്നു ഞാൻ.

....  ....  ....

ഈ വിജനമാം വന
സാനുവിൽ വസന്തത്തിൽ
പൂവിളി വന്നെത്താത്ത
ഗഹ്വര ഹൃദന്തത്തിൽ

ഒന്നിളയ്ക്കുവാനായി
വന്നു ഞാൻ; തപിക്കുമെൻ
നെഞ്ചിലെക്കനലിരുമ
പ്പൊന്തയിൽ കെടുത്തുവാൻ.

മന്മനം മയക്കുവാ-
നെത്തുകില്ലിനി മധു-
പൗർണ്ണമികളു, മിളം
തെന്നലും കിളിപ്പാട്ടും.

എന്തൊരാശ്വാസം! ശുദ്ധ-
ശൂന്യതയ്ക്കുള്ളിൽ ഗാഢ
ബന്ധനം തകർത്തെൻെറ
ചേതന ശ്വസിക്കുമ്പോഴ്.

പർണ്ണശാലയിൽ തീവ്ര
　　തപം ചെയ്യുവാൻ മമ-
കർമ്മശക്തികളന്ത-
　　രാത്മാവിൽ തളച്ചു ഞാൻ.

ധ്യാനമഗ്നനായ് മേവും
　　വേളയി,ലൊരു നേർത്ത
നാദബിന്ദുവും വീണു
　　ചിന്നുകയില്ലെൻ ചുററും!

നറുനെയ് വിളക്കേന്തി
　　യെത്തുന്നൂ പുലരികൾ
കളഭക്കുറിക്കൂട്ടു
　　ചാലിപ്പൂ സായാഹ്നങ്ങൾ

പകലിൻ വെള്ളിപ്പൂക്ക-
　　ളുത്രയുമിറുത്തെത്ര
നിറമാലകളാണു
　　കോർപ്പതു രജനികൾ-

ചക്രവാളമിന്നെൻെറ
　　കൈക്കുടന്നയിലൊരു
പുഷ്പതാലമായ് മാറീ;
　　(പൂജാരിയാണിന്നു ഞാൻ)

....　　....　　....

ഒരു നാദത്തിൻ നേർത്ത
　　ബിന്ദുവെൻ മാറിൽ പൊട്ടി
യുതിരുന്നതായ് തോന്നി
　　യിത്തിരി നേരം മുമ്പേ-

ആ മൃദുസ്വനം; നെഞ്ചിൻ
ഭിത്തികൾക്കുള്ളിൽ കിട-
ന്നായിരം വട്ടം പ്രതി-
ദ്ധ്വനിക്കുന്നതായ്തോന്നീ.

സർഗ്ഗസാധനയുടെ
വല്മീകം തകർന്നു മൽ
പ്രജ്ഞയാ കൊടുങ്കാററിൽ
ഞെട്ടിയുണരുന്നു !

മിഴി ഞാൻ തുറക്കുമ്പോൾ
പച്ചിലപ്പടർപ്പിൽ നി-
ന്നൊളിയമ്പെറിയുക
യാണൊരു നറും പുഷ്പം-

ആ വനസുമത്തിൻെറ
ദുഃഖനിശ്വാസം മാമ-
കാത്മാവിലിരമ്പിയ
താണൊരു കൊടുങ്കാററായ് !

അറിയാതെൻ ചുണ്ടിലാ
പൂവിതൾ ചേർന്നു, മധു
നിറയുന്നതായ് തോന്നീ
ജീവതന്തുക്കൾ തോറും!

കൺതുറന്നു ഞാൻ ചുററും
നോക്കവേ, നിലാവിൻെറ
ചന്ദനച്ചോലയ്ക്കുള്ളി-
ലാറാടി നിൽപ്പൂ വിശ്വം.

മർമ്മരസ്വന മുതി-
ർത്തൂന്ന കാററിൽ വന-
ഭംഗികാം മുടിയുല-
ച്ചാനന്ദ നൃത്തം വയ്പ്പൂ

ഋതുകന്യകളതാ
പുഷ്പതാലവു മുഴി-
ഞ്ഞതിരേല്പരുളവാ
നൊരുങ്ങി നിൽപ്പൂ മുന്നിൽ

''പോവുക, മദമേകു-
മീദിവ്യലഹരിയി-
ലാമഗ്നനാകുമ്പോഴേ
നിന്നിലെ നീ ജീവിക്കൂ....''

മന്ത്രിച്ചു മന:സാക്ഷി;
അല്ലെൻെറ മുന്നിൽ ചുട-
ചുംബനത്തിനായ് ചുണ്ടു
വിടർത്തുന്നൊരാ പുഷ്പം!

....0....

Jawahar Balbhavan & Children's Library,
KOTTAYAM.

## പെങ്ങൾ

ഉൾത്താപമാൻ കലികുന്ന കണ്ണുമാ-
　　യിത്തെരുവീഥിതൻ തീരത്തുനില്ക്കവേ
ആറിമരവിച്ചു നെഞ്ഞിൽ കിടക്കുന്നൊ-
　　രായിരം ശൈശവ മുഗ്ദ്ധസ്മൃതികളിൽ

നിന്നു പുകയുകയാണൊരു ദാഹാഗ്നി
　　ബിന്ദു; ദഹിക്കുയാണെന്നിൽക്കിടന്നു ഞാൻ
പട്ടണത്തിന്നരക്കെട്ടി, ലല്പാക്കുനൂൽ
　　ചുററിയപോൽ കാണുമീ നടപ്പാതയിൽ

കെട്ടഴിഞ്ഞുൻപൊന്നേലസ്സുപോലെ വ-
　　ന്നെത്തിയ ബസ്സിലിറങ്ങുന്ന വേളയിൽ
ഇത്തിരിമുമ്പെൻ മനസ്സിൽ കുടം പൊട്ടി
　　നില്ക്കുകയായിരുന്നേതോ മധുരിമ!

കണ്ണുകൾ വെമ്പികതിസ്സുയാണോ മന-
പ്പെണ്ടുളെക്കണ്ടൊന്നു കോരിത്തരിക്കവാൻ
നെഞ്ചിലെത്തേനറസ്സുള്ളിൽ നിന്നും വണ്ണു
ഭംഗികളോലുന്നൊരോമ്മ തൻ തുമ്പികൾ

മുളിപ്പുറക്കുകയാണതാ....ചെമ്പട്ടു
നൂലുമായ് പിന്നിലൂടോടിയെത്തുന്നു ഞാൻ
വെയ്ലൊളി വെൺകളി പൂശിയ തിണ്ണയിൽ
വെണ്ണിലാവള്ളി തൻ വാടിയ തണ്ടുപോൽ

കട്ടിയാവിൻ കീ ററയിലണിഞ്ഞു, കൈ-
കൊട്ടിച്ചിരിച്ചതാ നില്ക്കുകയാണവൾ
ശീലക്കുടതൻ നിഴൽപററി, വെമ്പുന്ന
കാലുകളുമ്മറ ത്തിണ്ണയിലൂന്നവേ

'അമ്മേയൊരാ'ളെന്നു പേടിച്ചരണ്ടൊരു
പൊന്നിൻചിലമ്പിൻെറ തേൻതുള്ളിയിററവേ
കണ്ടു ഞാനല്പം ഞെറിനീങ്ങിടുന്ന ഡോർ-
കർട്ടനുപിന്നിലായ് നില്ക്കുന്ന പെണ്ടുളെ!

എത്ര വളർന്നുപോയ്, തെല്ലു മുമ്പോമ്മ തൻ
മുററത്തു കൊഞ്ചികുണുങ്ങി നടന്നവൾ!
"അണ്ണനിരിക്കു;....മകളേ! ഇതാ നിൻെറ
അമ്മാവൻ-" ഉമ്മറത്തേകനായ് തീൻ ഞാൻ.

സെററിയിൽ മെല്ലെയിരുന്നു, വിയപ്പാണ്ടു
നെററിത്തടം വിരൽത്തുമ്പാൽ തുടസ്സുവേ
കണ്ടു ഞാൻ ചില്ലണി ജാലകച്ഛായയിൽ
കൗതുകത്തിൻ രണ്ടു നീലിച്ച മൊട്ടുകൾ.

''മോളേ....'' വരണ്ടോരെൻ ഗദ്ഗദവായുവേ-
റ്റാലോല പുഷ്പങ്ങൾ വാടിക്കൊഴിഞ്ഞുവോ?
പൊള്ളുന്ന വെയ്‌ലിനെപ്പോലും തണുപ്പിക്കു-
മുള്ളിലെത്തീയിലുരുകുമെന്നോർമ്മകൾ

താനേയൊലിച്ചൊലിച്ചെത്തുകയാണൊരു
നാലുകെട്ടിന്റെ കരിയാണ്ട തിണ്ണയിൽ
വേലിപ്പരുത്തിയും തുമ്പയും പൂ കുത്തു-
മേലായിലേയ്ക്കു കുതിച്ചു ഞാനോടവേ

പൂത്ത പറങ്കിമാഞ്ചില്ലയിലേറി ഞാ-
നാർത്തുവിളിച്ചുംത്തരിപ്പൊട്ടകറ്റവേ-
താഴെത്തണലത്തു മൈലാഞ്ചിയാർന്ന കൈ-
ത്താരൊന്നു നീളുകയാ·ണൊരു മാമ്പഴം!'

'ഇന്നലെയോരോ നുണകളോതിക്കൊട്ട-
ത്തമ്മയെക്കൊണ്ടെന്നെ യെത്രതല്ലിച്ചു നീ'
അണ്ണന്റെ കോപം ഞൊടികൊണ്ടലുത്തതാ
പെണ്ണിനു ചുറ്റും പൊഴിവൂ പഴങ്ങളായ്

'ഊണു കഴിയ്ക്കാം' –അടങ്ങിയൊരാസ്വരം
ന്നൂണവന്നെന്നെക്കുലുക്കി വിളിക്കവേ
തീൻമേശ തന്നരികത്തേയ്ക്കറിയാതെ
നീങ്ങിയെൻ ചെമ്മണ്ണു പൂശിയ കാലുകൾ

മുന്നിൽ നിരന്നു വിഭവങ്ങൾ, നീറുമുൾ-
ക്കണ്ണിലെരിയുന്ന പിന്നെയുമോർമ്മകൾ.
ചാണകം തേച്ച തറയിൽ തളിരിളം
തൂശനില തന്നിരുവശത്തായിതാ

ചമ്രംപടഞ്ഞു ചെരിഞ്ഞിരിപ്പൂ കുഞ്ഞു-
പെങ്ങളുമണ്ണനും പൊന്നോണമുണ്ണുവാൻ.
ഉണ്ണാതെയുണ്ടേഴന്നേററു ഞാൻ; വാതിലിൻ
പിന്നിലുണ്ടാതിഥ്യ മര്യാദ തൻസ്വരം:

"ഇത്തിരി മോരൊഴിച്ചുണ്ണാം....'' വിളമ്പുന്ന
പച്ചച്ചിരിയിലെൻ തേങ്ങൽ മറച്ചു ഞാൻ.
ഒന്നിളയ്ക്കാനായിരുന്നു ഞാനുമ്മറ
ത്തിണ്ണയിൽ മിന്നുമെച്ചൂരൽക്കസാലയിൽ.

വെയ്ലിന്റെ കൈകരം തുടച്ചിട്ടു പിന്നെയും
നീളുന്ന മുററത്തു നീലനിഴലുകരം
മങ്ങുമെൻ കണ്ണിൽ തെളിയുന്നൊരു പുഷ്പ
മണ്ഡപം; പൂവിലെയല്ലിക്കുരുന്നുപോൽ-

മംഗല്യമാല്യവും ചാർത്തിനിൽപ്പൂ കുഞ്ഞു
പെങ്ങരം; കൃതകൃത്യനായ് നില്ക്കയാണു ഞാൻ!
വിണ്ണിലതു കണ്ടു നില്ക്കുന്നൊരച്ഛന്റെ
കണ്ണിലെ ഹർഷാശ്രു പെയ്ത പൂമാരിയിൽ

ആറാടിനിന്ന തറവാട്ടു മുററത്തൊ
രാറാത്ത നോവിൻ നിഴലായ് കുരുങ്ങി ഞാൻ.
"അണ്ണനിതേവരെ യോർമ്മിച്ചതില്ല യീ
പെങ്ങളെ-വർഷങ്ങളെത്ര കടന്നുപോയ്....

മൂത്തവരൊക്കെയും സ്ത്രീധനമച്ഛന്റെ
വസ്തുക്കരം വിററിച്ചപോലെ വാങ്ങിച്ചുപോയ്
പിന്നെത്തറവാടു പങ്കുവച്ചപ്പൊഴു-
മെന്നെ മറന്നുപോയണ്ണനും കൂട്ടരും-

പെണ്ണാണെനിക്കും പിറന്നതു; സ്വത്തിനു
തമ്മിലടിയ്ക്കാൻ കരുത്തില്ലൊരല്പവും''–
കണ്ണുനീർ; പിന്നെപ്പിണക്കം–തറവാട്ടു
മണ്ണിനെച്ചൊല്ലി വളരും പരിഭവം

എല്ലാം തറഞ്ഞിതെൻ നെഞ്ചിൽ; ചിതറിയ
ചില്ലണിച്ചിത്രമായ് ഞാനു ഞാനോർമ്മയിൽ!
[പൊട്ടിയിടിഞ്ഞ തറവാട്ടിലെ നാലു–
കെട്ടിനെച്ചൊല്ലിക്കരയില്ല മേലിൽ ഞാൻ.

ഉത്തരവും കഴുക്കോലും പകുത്തപ്പൊ-
ഴററുപോയ് സ്നേഹബന്ധത്തിൻെറ കണ്ണികൾ]

.... .... ....

ഇത്തിരിനേരമിരുന്നൊന്നിളച്ചു ഞാ–
നനുതാപമോടെ യിറങ്ങിത്തിരിക്കയായ്

രാകിയ വാൾത്തലയെന്നപോൽ കാണുമ-
പ്പാതയിൽ നിന്നൊന്നു പിന്നോട്ടു നോക്കവേ
നെഞ്ഞിൽ പുകയുകയാണൊരു ദാഹാഗ്നി–
ബിന്ദു; പൊരിയുകയാണെന്നിൽ വീണു ഞാൻ.

എങ്കിലുമെൻ പരിക്ഷീണമാം കയ്യുക-
ളെത്തിപ്പറിക്കുമീ സിന്ദൂരമല്ലികൾ
കൊഞ്ചിക്കുണുങ്ങിയെ ന്നോർമ്മയിൽ നില്ക്കുമ
ത്തങ്കക്കുടത്തിനെ ചാർത്തിച്ചിടട്ടെ ഞാൻ.

....0....

## ഓമനയുടെ ഓണം

മഞ്ഞക്കോടിയുമായെന്നച്ഛൻ
  പൊന്നോണത്തിനു വരുമല്ലോ!
കരിമുകിൽ മൂടിയവിണ്ണിൽ വെളിച്ചം
  കാവടി തുള്ളിയണഞ്ഞല്ലോ.

കറുകത്തൊടിയിൽ കർക്കിടകത്തിൻ
  കാലടി പോലും മാഞ്ഞല്ലോ.
പുല്ലാനി പ്പൂം പൊന്തകളിൽ നറു-
  പുഞ്ചിരി പൊട്ടിവിരിഞ്ഞല്ലോ.

തിരുവോണത്തിനു വരവേല്പരുളാൻ
  തിരകൾ കൂട്ടാറായല്ലോ!
അച്ഛൻ നാലാംനാളില് വന്നിടു-
  മമ്മ പറഞ്ഞതു നേരെങ്കിൽ!

മുററംചെത്തി വെടിപ്പാക്കേണം
പുത്തൻ പൂക്കളെമെഴുതേണം.
ഓണത്തപ്പനെ, ഒത്ത നടുക്കൊരു
വാഴക്കുമ്പിലിരുത്തേണം.

പൂവടകൊണ്ടു നിവേദിക്കേണം
പുലരിയിലാർപ്പു വിളിക്കേണം
(പൂവുപറിക്കാൻ പോയവരേ, ആ
പൂവട തിന്നാൻ പാടുള്ളൂ !)

മഞ്ഞപ്പുടവയുടുക്കുമ്പോഴെൻ
ഭംഗി പറഞ്ഞാൽ തീരില്ലാ.
തങ്കച്ചിറകു വിരുത്തി വരും ചെറു-
ത്തുമ്പിക്കിത്രയു മഴകില്ലാ.

മുത്തുക്കുടയിലെഴുന്നെള്ളുകിലും
മുക്കുററിക്കീ ഗമയില്ലാ
കോളാമ്പിപ്പൂ ചാർത്തിട്ടമ്മോണ-
ക്കോടിയു മിതിനൊട്ടു പററില്ലാ

ഓണത്തിൻ നാളം പവ്വറിലോമന
ഒരുത്തരോടും മിണ്ടില്ലാ !
മടിയിലിരുത്തി, കുഞ്ഞിക്കൈകളി-
ലുരുളയുരുട്ടി ത്തരുമച്ഛൻ !

കായവറുത്തതു ഭരണിയിലാക്കി
കലവറയിൽ വച്ചമ്മൂമ്മ
ഞാലിപ്പൂവൻ കുലകളു മച്ചിൽ
ഞാലുന്നുണ്ടു കയത്തുമ്പിൽ

ശക്കരയാരോ കൊണ്ടുവന്നതു രുചി
നോക്കാൻ നേരം കിട്ടീലാ
ഓണസ്സദ്യയതോക്കുന്നേര–
ത്തുറുന്നുള്ളിൽ കൊതിവെള്ളം!

മാമൻ കെട്ടിത്തരുമല്ലോ കിളി–
മാവിൻ കൊമ്പിൽ പൊന്നൂഞ്ഞാൽ.

പഠിച്ച പാട്ടുകളെല്ലാമപ്പോഠം
പാടാനോർമ്മയിൽ വരേണം.

തൊട്ടാവാടിത്തൊടിയിൽ കിളിയാം
തട്ടകളിച്ചുതകക്കേണം
ശക്കരമാവിൻ ചോട്ടിലൊരോമൽ
പച്ചിലമെത്ത വിരിക്കേണം
മെത്തയിലങ്ങനെ ചാഞ്ഞുകിടന്നൊരു
മുത്തശ്ശിക്കഥ കേഠംക്കേണം.
അച്ഛൻ മോളേ കാണാൻ വരു, മതി–
ലമ്മയ്ക്കെന്തീ സന്തോഷം ?
പിന്നിയ മുടിയിൽ പൂ ചൂടാൻ, നൽ
പൊട്ടണിയാനെന്തുത്സാഹം!
സ്കൂളിൽ നിന്നു വരുന്നേരത്തൊരു
മൂളിപ്പാട്ടുണ്ടീയിടെയായ്
വേലിക്കരിക, ത്തന്തിമയങ്ങു–
ന്നേരത്തങ്ങനെ പോയ് നില്ക്കും.
കലണ്ടറിൽ മിഴിനട്ടിട്ടെന്തോ
കണക്കു കൂട്ടിടുമെപ്പോഴും.
(പറയണമച്ഛനൊ)ടോമനമോളുടെ
പതിവുകളെല്ലാം തെററിച്ചു!

....0....

കണ്വൻ

ഹേമന്തയാമിനി ചാർത്തീ കുളിരെഴും
 തൂമഞ്ഞിനാൽ നേർത്ത നീലമുഖപടം!

മാലിനീ തീരത്തലയ്ക്കുന്ന കല്ലോല-
 മാലതൻ ലോലമാം ഗദ്ഗദ വീചികൾ

പാതിരാത്തെന്നലിലൂടെത്തിയെൻ കിളി
 വാതിലിലെന്തിനോ തേങ്ങുന്നു പിന്നെയും!

ഓമനേ, നീ പിരിഞ്ഞെന്നേക്കുമായ്—അച്ഛ—
 നാവുന്നതില്ലതിൻനൊമ്പരം താങ്ങുവാൻ

ആറിത്തണുത്തു കരിഞ്ഞു കിടക്കയാ—
 ണാശ്രമത്തിൻ യാഗവേദികളെങ്കിലും

എൻ നെഞ്ചിനുള്ളിൽ ജ്വലിക്കുന്നു, ഹോമാഗ്നി
 കുണ്ഡങ്ങ,ളച്ഛന്റെ ദുഃഖാനുഭൂതികൾ!

പ്രാണനിൽ വേരോടി നിന്നതാമോമന-
മാണിക്യവല്ലി പിഴുതെറിഞ്ഞീടവേ
നൊമ്പരം കൊണ്ടു പിടഞ്ഞോൻ; (തപസ്വിയാ-
ണെങ്കിലു, മച്ഛനാണെന്തിലും മീതെ ഞാൻ!

ഈ മൂകരാവി, ലുടജാങ്കണത്തിലെ
നീലക്കറുകത്തളിരിൻ തലപ്പുകൾ
നാളെ മുകരുവാനാവാത്ത നിൻതുടു-
കാലടിയോർത്തു മിഴിനീരൊഴുക്കവേ

താപസചര്യകൾ തെറ്റിച്ചതിൻ തീവ്ര -
പാപബോധത്താൽ തളരുമെൻ ചിന്തകൾ
ജീവനെ ചൂഴന്ന വല്ക്കലവും ജടാ-
ഭാരവും ചീന്തിയെറിയുന്നു ചുറ്റിലും!

(അച്ഛൻെറ വേദനയൂതിക്കെടുത്തുവാ-
നദ്ധ്യാത്മ ചിന്തകൾക്കാവില്ലൊരിക്കലും!–)

.... .... .... ....

അന്നൊരു നാളിലെന്നാത്മാവിലാദ്യമായ്
ധന്യത പൂവിട്ട രംഗമോർക്കുന്നു ഞാൻ.
മാലിനീ തീർത്ഥത്തിൽ മുങ്ങാൻ പതിവുപോ
ലേഴവെളുപ്പിനിറങ്ങിയ വേളയിൽ

എൻ കാതിലിറ്റിറ്റു വീഴുന്നതായ്തോന്നി-
യെങ്ങുനിന്നോ രണ്ടു തേനിൻകണികകൾ.
വെള്ളെഴുത്താണെന്നോരെൻ കൺകളിലേക്കൊരു
വെള്ളിവെളിച്ചമൊഴിച്ചുവോ തെല്ലിട?

ആരണ്യവീഥിയിൽ കണ്ടെത്തിയന്നു ഞാ–
നാദ്യമായ് നിന്നെ–എൻ പൊന്നുങ്കുടത്തിനെ!

ഏഴിലമ്പാല ച്ചുവട്ടിൽ നനവാർന്ന
പൂഴിയിൽ മിന്നുമാ മാണിക്യമുത്തിനെ

മാറോട്ട ചേർന്നൊന്നുമുത്തവേ, ചന്ദന
ച്ചാറിൽ മുഴുകുകയായിരുന്നരംത്തടം.

തങ്കക്കുടത്തിനെ കൈക്കുമ്പിളിൽ കോരി
വെമ്പിക്കുതിച്ചേ, നടജത്തിലെത്തുവാൻ.

നെഞ്ഞിടിപ്പോടെയെൻ പിന്നിലൂടെത്തിയാ
പൊന്മണിത്തത്തകരം (-നിൻ വളർത്തമ്മമാർ)

നിന്മാറിലൊട്ടി മയങ്ങിയിരുന്നൊരാ
മിന്നാമിനുങ്ങുകരം പേടിച്ചിരിക്കണം.

എന്തിനോ തെല്ലുമടിച്ചേൻ മരവിരി–
ത്തുമ്പിനാൽ നിന്നുടലാദ്യമായ് മൂടുവാൻ

അന്നേ തെളിഞ്ഞതാ, ണന്തർമിഴിയിൽ, നീ
ചെന്നു ചേരേണ്ടൊരാ രാജസിംഹാസനം.

അന്നു പുലരിയിൽ, മാലിനീ തീരത്തി–
നന്നോളമില്ലാത്ത ഭംഗികരം കണ്ടു ഞാൻ.

തിങ്ങിപ്പടരുമാ കാടിൻ നടുക്കൊരു
വെണ്മണൽപ്പാത യന്നാദ്യമായ് കണ്ടു ഞാൻ

ദർഭയോടൊപ്പം നറുതേനൊലിക്കുന്ന
പുഷ്പങ്ങരം കൂടിപ്പറിക്കുവോനായി ഞാൻ.

മന്ത്രം ജപിക്കുമ്പൊഴെന്മനസ്സിൽ വന്നു
കൊഞ്ചിക്കുണുങ്ങാൻ തുടങ്ങീ കിനാവുകരം.

ധ്യാനത്തിലാമഗ്നമാവുമ്പൊഴും, മനം
താനേയുരുവിട്ട, താരാട്ട ശീലുകാം.
ഇന്നലെയോളമാ താരാട്ട പാട്ടെൻെറ
നെഞ്ഞിൽ ചിലമ്പിട്ട തുള്ളിയെന്നോമനേ.

മിന്നാമിനുങ്ങു വെളിച്ചവുമായി നീ
വന്നതാണീയുടജത്തിലന്നാദ്യമായ്.
ആ വെളിച്ചം വിടൎന്നീ മുനിവാടത്തി–
നാകെപ്പവിത്ര പരിവേഷമാകവേ,

....    ....    ....    ....

മാലിനീ തീരത്തുയിൎക്കൊണ്ടു, സൗഹൃദ
മാധവി തുളിൎക്കും വസന്താനുഭൂതികാം.
ആ വസന്തത്തിൻ തളിരിലച്ചുണ്ടിലൊ-
രാനന്ദ ഗാനമായ് ചാഞ്ചാടി നിന്നു നീ.

മാലിനീ തീരം വെടിഞ്ഞു നീ,യച്ഛൻെറ
മാണിക്യമുത്തേ! പുലരിയിലിന്നലെ.
കണ്ണൊന്നടച്ചു തുറക്കുന്നതിൻമുമ്പു
പിന്നിട്ടവോ നാം പതിനാറു വത്സരം?

തുള്ളിത്തുളുമ്പുകയാണിപ്പൊഴും നെഞ്ഞി–
നുള്ളിൽ ഞാനന്നു നിറച്ചൊരാ തേൻകുടം.
(വററുകയില്ലേതു ഗ്രീഷ്മത്തിലും, താത
ഹൃത്തിലുറവിടം തീർത്ഥമാരോമലേ....)

....    ....    ....    ....

ഇന്നലെ മാലിനീ തീരത്തു വച്ച നാം
  മംഗളം നേൎന്നു പിരിഞ്ഞിതെന്നേയ്ക്കുമായ്.

ഇപ്പർണ്ണശാലയും,മെൻെറ ഹൃദന്തവു–
  മിപ്പോ,ളൊഴിഞ്ഞ കിളിക്കൂടിനൊപ്പമായ്.

പ്രാണനിൽ വേരോടി നിന്നതാ മോമന–
  മാണിക്യവല്ലി പിഴുതതിൻ നൊമ്പരം

ആറാതെ നില്ക്കയാണെന്നിൽ–(മരവിരി–
  ക്കാവില്ല ചിത്തം പരുക്കനായ് മാററുവാൻ)

പോവുക കണ്മണീ, നിൻ വഴിത്താരയിൽ
  പൂ വിരിക്കട്ടേ തളരുമെൻ ചിന്തകൾ

ദർഭയോടൊപ്പം, നറുംതേനൊലിക്കുമീ
  പുഷ്പങ്ങൾ കുഞ്ഞേ! നിനക്കാണിറുത്തു ഞാൻ.

....0....

### തലമുറകളുടെ അമ്മ

ആയിരം ശതാബ്ദങ്ങളാ-
    തഴുകിത്താലോലിച്ചൊ-
രോമനക്കിനാവുകരം
    വീണുറങ്ങുമീ മണ്ണിൽ

അലയുന്നു ഞാൻ, മൂക-
    ഭീകരമാമീ രാവി-
ലഴലിൻ മൗനാർദ്രമാം
    ഗദ്ഗദതരംഗം പോൽ.

അമ്മയാണു ഞാൻ—എത്ര
    പുരുഷാന്തരങ്ങൾക്കു
ജന്മമേകി യീമട്ടിൽ
    വേദനിക്കുവാൻ മാത്രം.

കാലഘട്ടങ്ങരം വാന്ന
ചോരയാൽ ചുട്ട കണ്ണു-
നീരിനാൽ നനവൂറു-
മീ കുഴിമാടങ്ങളിൽ

ഉൽക്കടം വിതുമ്പുന്ന-
ജീവിത സ്വപ്നങ്ങരം ത-
ന്നരം ത്തുടിപ്പുകരം കേട്ടെൻ
ചേതന നടുങ്ങുന്നൂ,

ഇരുളിന്നീററില്ലത്തിൽ
മാനവ സംസ്കാരത്തിൻ
കിരണത്തിനു ജന്മ-
മേകിയ മാതാവു ഞാൻ

ഞാനുയർത്തിയ ദീപ-
ശിഖ തൻ വെളിച്ചത്തിൽ
മാനവനജയ്യനായ്
വളരുന്നതു കാൺകെ

ചുരത്തിത്തുളുമ്പുന്ന
മാറിടങ്ങളിൽ കോരി-
ത്തരിപ്പിൻ പൂക്കുടയു-
മായി ഞാൻ നിന്നൂ ദൂരെ.

ഈ വിമൂകമാം രാവിൽ,
മാമകാത്മാവിൻ കുളി-
രോമനക്കിനാവുകരം
വീണുറങ്ങുമീ മണ്ണിൽ

കുഴിമാടങ്ങളാം തോറു,
മുൽക്കടവിഷാദത്താൽ
മിഴിനീരൊഴുക്കി ഞാൻ
ദീനയായലയുന്നു....!

.... .... ....

മഞ്ഞെഴും ഹിമവാൻെറ
സാനുവിൽ, വിജ്ഞാനത്തിൻ
പൊന്മലരുക, ളിതരം
നീർത്തിയ കാലങ്ങളിൽ

സിന്ധുവിൻ തടങ്ങളിൽ
ഗംഗതൻ പുളിനത്തിൽ
തങ്കനീരാളം തുന്നി
നിന്നൊരാ വെളിച്ചത്തിൽ

കരളും കൈയും കൊരു-
ത്താനന്ദ നൃത്തം ചെയ്യു-
മരുമക്കിടാങ്ങളോ
നിങ്ങ,ളെന്നു ഞാനോർത്തു!

മുത്തണിക്കിരീടങ്ങളാം
നേടുവാൻ കുരുക്ഷേത്ര-
യുദ്ധഭൂമിയിൽ നിങ്ങളാം
വാളോങ്ങി പരസ്പരം.

ആ നല്ല മണ്ണിൽ, ജീവൻ
തുടിക്കും ചുടുചോര

വീണിരമ്പവേ നൊന്തു
　　വിങ്ങുന്ന കരളുമായ്
നിന്നു ഞാൻ ഗാന്ധാരിയാ–
　　യോമനക്കിടാങ്ങളേ,
നിങ്ങളീ മാതാവിന്റെ
　　നൊമ്പരമറിഞ്ഞീലാ.

ധർമ്മശാസനത്തിന്റെ
　　ഗീതകളെഴുതുവാൻ
നിങ്ങളെന്തിനു ചോര
　　പുരട്ടീ തൂവൽത്തുമ്പിൽ?
നീറിടും മുറിവുകൾ
　　തോറുമാശ്വാസത്തിന്റെ
നീരല ചൊരിയുവാൻ
　　നീളുമീ കൈത്തണ്ടുമായ്

പിൻതുടർന്നു ഞാൻ വീണ്ടും
　　നിങ്ങളെ, ഹൃദയത്തിൻ
തന്തിയിൽ വാത്സല്യത്തിൻ
　　നാദവീചിയുമായി.

ബന്ധുര സ്നേഹത്തിന്റെ
　　ഗീതികൾ തുടിക്കുന്ന
തംബുരു, ശ്രുതിയിട്ടു
　　മീട്ടുവാനായേകവേ,

എന്മുഖത്തതു നിങ്ങ–
　　ളാഞ്ഞെറിഞ്ഞില്ലേ, ചോര–
സ്സുന്മദ ദാഹം കൊള്ളും
　　വാളുകൾ കൈവന്നപ്പോൾ?

വെളിച്ചം വിടരുന്ന
പാതവക്കുകൾ തോറും
തെളിച്ചു നിങ്ങൾ വിഷ
ജ്വാലകളിരുട്ടിനാൽ.

മതത്തിൻ ബലികുടീ–
രങ്ങളിൽ ദൈവത്തിൻെറ
മഹത്വം കാക്കാൻ നിങ്ങ–
ളെന്തെന്തു രക്തം വാർന്നു!

മണലാരണ്യത്തിലൂ–
ടറിവിൻ നീർച്ചാലുക-
ളൊഴുക്കും സഹജരെ–
കൊന്നൊടുക്കുവാനായി,

ഒരു കൈയ്യുള്ളിൽ പൊന്നിൻ
കുരിശും, മറുകൈയിൽ
കരവാളവുമേന്തി
മാർച്ചു ചെയ്തില്ലേ നിങ്ങൾ?

അലറുന്നൊരീ മദ്ധ്യ–
ധരണ്യാഴി തന്നാത്മാ-
വണിയുന്നുണ്ടിപ്പൊഴു–
മാ രക്തവർണ്ണം....കാണ്മിൻ!

പിന്നെയും കുരുക്ഷേത്രം
രചിച്ചു നിങ്ങൾ പുണ്യ–
ഗംഗതൻ തടങ്ങളിൽ
മത രക്ഷണത്തിനായ്

ദില്ലിയി, ലാഗ്രായിലാ
 വീഥികശം തോറും തിര-
തല്ലിയ പരിഷ്കൃത
 മർത്ത്യൻെറ രക്തം കാൺകെ

പേററുനോവാറാത്തതാ-
 മെന്നുദരത്തിൽ പത്തി
നീർത്തി നിന്നാടീ നോവിൻ
 തീഷ്ണമാം തീ നാളങ്ങശം.

ബുദ്ധനു മശോകനും
 ധർമ്മ സന്ദേശം പെയ്തോ-
രിദ്ധരിത്രിയിൽ, കർമ്മ
 ചന്ദ്രൻെറ വെളിച്ചത്തിൽ

നീതിയെ നിലനിത്താ-
 നായിരുന്നുവോ, ചുട്ട-
ചോര ചിന്തിയതന്നു
 നിങ്ങളെൻ സഹജരേ?

മുലപ്പാൽ പകർന്നേകി
 പ്പോററിയോ രീമാതാവിൻ
മിഴിനീർ കിനിയുന്ന
 വൃദ്ധനേത്രങ്ങശം കാണാൻ

പെങ്ങളെ, പെററമ്മയെ
 മാനഭംഗം ചെയ്തോരു
നിങ്ങടെ മതവികാ-
 രത്തിനു കണ്ണില്ലാതായ്,

മധുരസ്നേഹത്തിൻെറ
    പാതയിൽ വിരൽ ചൂണ്ടി
മമ വാത്സല്യം വീണ്ടും
    പിൻതുടർന്നു നിങ്ങളെ–

നാഗരികത്വത്തിൻെറ–
    യണുബോംബുമായ് പക്ഷേ
'നാഗസാക്കി'യിലാണു
    ചെന്നു നിന്നതു നിങ്ങൾ

അകലെ വീയററ്നാമിൽ
    കോംഗോയി, ലിസ്രായലിൽ
ചൊരിഞ്ഞൂ സഹജൻെറ
    ചെഞ്ചോര വീണ്ടും നിങ്ങൾ

അപ്പൊഴൊക്കെയും നെട്ട–
    വീർപ്പുകളുടെ മാട–
പ്രാക്കളായ് ചിറകടി–
    ച്ചാത്തമെൻ ഹൃൽസ്പന്ദങ്ങൾ.

....    ....    ....

ആയിരം ശതാബ്ദങ്ങൾ
    തഴകിത്താലോലിച്ച
മാമക സങ്കല്പങ്ങൾ
    വീണുറങ്ങുമീ മണ്ണിൽ

അനഘ സ്നേഹത്തിൻെറ
    നെയ്‌വിളക്കുമായ് വീണ്ടു–
മലയുന്നു ഞാൻ മൂക
    ഭീകരമാ മീരാവിൽ.

ഇരുളിന്നീററില്ലത്തിൽ
        മർത്ത്യസംസ്കൃതിയുടെ
പിറവിയ്ക്കേഴും നോവു
        തിന്നൊരു പെററമ്മ ഞാൻ.

എൻ തനയന്മാർ വാർന്ന
        ചോര തൻ പശയോലും
മൺകുടീരങ്ങൾ കാൺകെ
        നീറുകയാണെന്നുള്ളം.

അകലെ ശ്ശാസ്ത്രത്തിൻെറ
        പാളയങ്ങളിൽ നിങ്ങൾ
കുരുതിയ്ക്കായ് ബോംബുക-
        ളൊരുക്കുന്നൊരീനേരം,

അറിയുന്നുവോ, വാത്സ-
        ല്യത്തിൻെറ മുലപ്പാലി-
ന്നുറവേലുമീ മാറിൻ
        നൊമ്പരം........കിടാങ്ങളേ?

അമ്മയാണു ഞാൻ....എത്ര
        പുരുഷാന്തരങ്ങൾക്കു
ജന്മമേകിയീ മട്ടിൽ
        വേദനിക്കുവാൻ മാത്രം....!

....0....

## ജലപുഷ്പം

മാമക സർഗ്ഗ പ്രതിഭതന്നേകാന്ത
സാനുവിലൂറിയ സംഗീത സിന്ധുവിൽ
[illegible]ർണ്ണങ്ങളാം ഞെറിഞ്ഞുടുത്താനന്ദ-
നൃത്തം ചവിട്ടുമീ പൊന്നലച്ചാർത്തുകൾ

എത്രയോ നാളായ് കൊതിച്ചിരുന്നു ജല
പുഷ്പമേ! നിന്മുഖത്തൊന്നുമ്മവയ്ക്കുവാൻ.
ഊഴിയം തെററാ ത്തുഷ: സന്ധ്യ, തന്മണി-
ത്താഴികപ്പോൽക്കൂട മോല്യമാ ഗോപുരം

ചെത്തിമലരും കുരുത്തോലമാലയും
ചാർത്തി വിതാനിച്ചിടും ശുക്രതാരകം
ഈ മൗനനിമ്നഗ തൻഹൃദയത്തിലൊ
രോമൽക്കിനാവിന്റെ പൊൻനൂലുപാകവേ

ലജ്ജയാൽ ത്തുമുഖം കമ്പിട്ടൊരു ഹർഷ
ബിന്ദുപോൽ നിന്നു നീ നീലക്കയങ്ങളിൽ
നെന്മേനിവാകകൾ പൂവിട്ട കാടിൻെറ
നെഞ്ചിൻസുഗന്ധവു മായ്‌വന്ന തെന്നലും

ചെല്ലത്തളിരണിച്ചില്ലയിൽ, മാണിക്യ
വല്ലകി മീട്ടിയുണർന്ന കിളികളും
കാണാൻ കൊതിച്ച കിനാവായിരു,ന്നാത്മ
ശോണിമയാർന്നുജ്ജ്വലിച്ച നിൻ സുസ്മിതം

എത്ര ശരത്ക്കാല സന്ധ്യകൾ നിൻ തിരു
നെററിയിൽ ചാത്തുവാൻ ചാലിച്ച കുങ്കുമം.
അപ്സരനാട്ടിലെ രത്നങ്ങൾ മാരിവിൽ-
ച്ചെപ്പിലൊരുക്കീ, നിനക്കായ് മുകിലുകൾ.

വെണ്ണിലാവിൻ പട്ടുനൂലാൽ നിനക്കെത്ര
വർണ്ണനീരാളങ്ങൾ തുന്നീ രജനികൾ.
അപ്പൊഴതൊക്കെയുമേതോ വിഷാദാർദ്ര-
ഗദ്ഗദമായെൻെറ പ്രാണനിൽ നിന്നു നീ.

ഓരോ ഋതുക്കളെ മെൻഗാനസിന്ധുവിൻ
തീരംകടന്നുപോയക്കരെപ്പച്ചയിൽ
കൈവരാൻ ദാഹിച്ചുമോഹിച്ചു നിന്നൊരു
കൈവല്യമെന്നപോ ലേകാന്തരാത്രിയിൽ

ഈറനുടുത്തു മലർമാസ കന്യക-
യാറാട്ടിനെത്തിയീ പൊയ്കയിലിന്നലെ.
ആ മൃദുപാദത്തിലുമ്മവച്ചോളങ്ങ-
ളാവോളമൂററിക്കുടിച്ചു സുധാരസം.

അത്തളിർ മെയ്യിൽ നിന്നൊപ്പിയെടുത്തതി–
ല്ലെത്ര വർണ്ണങ്ങളീ വെൺനുരച്ചാർത്തുകരം!
മന്ദാരസൗരഭം വാർന്നൊഴുക്കീ ജല–
ബിന്ദുക്കരം തോറുമാ നിശ്വാസ വീചികരം.

ആ വനകന്യക നീന്തിത്തുടിച്ചൊരെ–
ന്നാത്മാവിലെ ഹർഷകല്ലോലമാലയിൽ
പൊല്ക്കണി കാണാനുണർന്നതല്ലീ, ജല–
പുഷ്പമേ! നീയൊരു കാവ്യാനുഭൂതിയായ്?

ചെന്തളിരാൽ മുഖം പൊത്തിപ്പിടിച്ചുകൊ–
ണ്ടെന്തിനേ, നാണിച്ചു കുമ്പിട്ടു നിൽപ്പു നീ?
എന്തോ പറയാൻ വിതുമ്പുന്നുവോ, നറു–
കുങ്കുമം പൂശിത്തുടുത്ത നിൻ ചുണ്ടുകരം

സ്വർണ്ണരേണുക്കരം പുരണ്ട നിന്നല്ലിയിൽ
നിന്നു തുളിക്കും മരന്ദകണികകരം
കാണിക്കു വയ്ക്കു, വസന്തത്തിനായ്....മമ–
പ്രാണനിലൂറിയ കണ്ണുനീരുണ്ടതിൽ!

....0....0....

## ഒരു കുരുവിയുടെ കഥ

മരതകകാന്തിയണിഞ്ഞെഴുമച്ചെറു–
മലയോരത്തിൻ മണിയറയിൽ,

വെള്ളിനിലാവിന്നിതളുകളൊരു നറു–
വെള്ളിലമെത്തവിരിച്ചപ്പോഴ്

കാനനനിഴലിൽ നിന്നൊരു മഞ്ജുള
ഗാനതരംഗമുയർന്നേവം,
''....മലരിക്കാട്ടില് മറഞ്ഞിരിയ്ക്കണ
മയിലാഞ്ചിപ്പെണ്ണേ,

പറന്നുവാ നീ യരികില്–ഞാനൊരു
പളുങ്കു മാലതരാം ! ....
അല്ലിത്തേന്മലർ വനികളിലമ്പിളി
മുല്ലപ്പന്തലൊരുക്കീല്ലേ?

വള്ളിക്കുടിലിലിലു് മിന്നാമിന്നികൾ
        വെള്ളിവിളക്കു കൊളുത്തീല്ലേ?
മണവാട്ടീ നീയരികത്തെത്താ-
        നിനിയും വൈകല്ലേ........''

കുളിരെഴുമോമൽ തെന്നലിലൂടീ
        കളകളനാദമൊലിച്ചപ്പോൾ
അരികത്താടിയുലഞ്ഞ മരങ്ങൾ-
        ക്കകമേ നിന്നൊരു ചിരിപൊട്ടീ

നീലനിലാവിൻ കതിരൊളിയേല്പൊ
        പ്പീലി നിവർത്ത മുളങ്കാട്ടിൽ
വല്ലകിമീട്ടം പോലൊരു നാദം
        മെല്ലെയുയർന്നതു കേൾക്കായി:

''മരതകവീണയുമായി വിളിക്കും
        മണവാളാ, നിന്നരികിൽ
പറന്നുപോരികയായി ഞാനീ
        പവിഴത്താലിയുമായി.

കരളും കൊക്കുമുരുമ്മിയിരിക്കാ
        മവിടെ നമുക്കീ രാവിൽ........''
വസന്തറാണി യുണർന്നതുപോലീ
        വളക്കിലുക്കം കേട്ടപ്പോൾ

അരികത്തുള്ള മരച്ചില്ലകളിൽ
        തെരുതെരെ വീണ്ടും ചിരിപൊട്ടീ.
മഞ്ഞിലുറങ്ങിയ കാടിന്നുള്ളിൽ
        കന്നിപ്പൂവുകൾ മിഴിപൂട്ടീ.

Jawahar Balbhavan & Children's Library,
KOTTAYAM.

കരളിൻ സ്വപ്ന ശതങ്ങളുയർത്തിയ
കളകള ഗാനവുമായ്,
കണവനിരിക്കും മണിയറതന്നിൽ
കുണുങ്ങിയെത്തീ പെൺകുരുവി.

കതിർമണ്ഡപമൊന്നുയന്നു, കാടിൻ
കരളിൽ നീലനിഴൽച്ചാത്തിൽ
നിറമെഴ മോമൽപ്പൂക്കളൊരുക്കീ
നിറപറയും തേൻ പൂക്കലയും

പളുങ്കുചോലകളാർപ്പു വിളിച്ചു
പനിനീർ മുല്ലകരം തിരിവച്ചു
കുരുവിപ്പെണ്ണിൻ കല്യാണത്തിനു
കുരവകളിട്ടു തൈത്തെന്നൽ!

അനുഭൂതികളുടെ പളുങ്കുഭാജന-
മരികിലിരുന്നു തുളുമ്പുമ്പോരം
അവരുടെ മുന്നിൽ വിടരുകയായൊരു
മധുരമദോന്മദ സങ്കല്പം.

രാഗമനോഹര ഗീതികളാവണി
രാവിൻ മൂകഹൃദന്തത്തിൽ
പനിനീർ മുത്തുകരം വിതറീ....വാനിൽ
പനിമതിപോലും കുളിർചൂടീ.

.... .... ....

വസന്തറാണിയെഴുന്നെള്ളവതിൻ
വളക്കിലുക്കം കേട്ടപ്പോരം
എതിരേല്പരുളാനാത്ത കുതൂഹല-
മുണരുകയായാ താഴ്‌വാരം.

താലപ്പൊലികളുയർത്തി നിരന്നു
താരണിലതകൾ വഴിവക്കിൽ.

താമരപൂത്തൊരു പൊയ്കകൾ തോറും
താളമുണർത്തീ തൈത്തെന്നൽ

ചിലമ്പുകെട്ടീ വള്ളിക്കുടിലുകൾ
ചിറകു വിരുത്തീ ശലഭങ്ങൾ.

മധുമാസോജ്ജ്വല ദീപ്തികളഴകിൻ
മഴവില്ലെഴുതിയ മണിവിണ്ണിൽ

ചിറകു വിരുത്തിയലഞ്ഞാ നീല
ക്കുരുവികൾ മധുവിധു ഘോഷിയ്ക്കാൻ.

ചെമ്മുകിലുകളുടെ മടിയിൽ വീണവ-
രുമ്മ പകർന്നു മയങ്ങുമ്പോൾ,

മഴവിൽച്ചില്ലയിലേറിയിരുന്നവർ
മയിലാഞ്ചിക്കുട്ടണിയുമ്പോൾ,

നക്ഷത്രങ്ങൾക്കിടയിൽ നിന്നവർ
പിച്ചകമൊട്ടുകൾ പിച്ചുമ്പോൾ,

ആ മലയോരം വാരിയണിഞ്ഞൂ
രോമാഞ്ചത്തിൻ നീരാളം....!

അന്തിയിലെത്തിട്ട മിരുവരു, മൊരുപൂ-
ക്കൊമ്പി,ലിരുട്ടിൽ ചേക്കേറാൻ.

തൂവെൺ താരകളാ തിരവിണ്ണിൽ
തൂകും നീലവെളിച്ചത്തിൽ

കൊക്കും ചിറകുമുരുമ്മി മയങ്ങിട്ട-
മക്കിളിയിണകളിലക്കൂട്ടിൽ!....

കൂട്ടിൽ തളിരില മെത്തയി,ലിരുവെൺ
മുട്ടകളിട്ടു പെൺകുരുവി.
നൽത്തെളി മുകിലിൻ മറവിൽ രണ്ടിണ
നക്ഷത്രങ്ങൾ മിന്നുന്നതുപോൽ,

ആ വെൺ മുത്തുകൾ മിന്നീ....കണവ-
ന്നാകെക്കരളിലൊരുന്മേഷം!
അറിയാതാത്മാ വിൻമലരിതളിൽ
നറുതേന്മണികൾ തുളുമ്പിപ്പോയ്.

.... .... ....

കിഴക്കു മലയുടെ മുടിയിൽ പെരുമീൻ
വിളക്കുവയ്ക്കും പുലരികളിൽ,
കരളിൻ കുളിരിന്നു നൽകാനോമൽ
ക്കനികൾ തേടിപ്പോം കാന്തൻ.

സിന്ദൂരദ്യുതി കലരുമുഷസ്സിൻ
മഞ്ജിമയാർന്ന വെളിച്ചത്തിൽ
കുളുർന്നകാററിൽ കളിയോടംപോൽ
പറന്നകന്നവനലയുമ്പോൾ,

കുഞ്ഞിച്ചൊടികൾ വിടത്താറുണ്ടിരു
കുരുന്നുകിളികൾ, ഹൃദയത്തിൽ.
മഞ്ഞത്തുവൽച്ചിറകുകളും ചെറു-
കുന്നിക്കുരുമണി മിഴിയിണയും-!

ചിലപ്പൊഴയാണവ തങ്ങളി, ലരികിൽ
തരിച്ചിരിപ്പൂ പെററമ്മ-
അവനിലുറങ്ങിട്ട മച്ചുന്നപ്പോ-
ളറിയാതിക്കിളി യിളകുകയായ്.

താരാട്ടീരടി പാടാ, നവയെ
താലോലിച്ചു കളിപ്പിയ്ക്കാൻ

പൊൻനൂലിഴകളണിഞ്ഞൊരു മേനിയി–
ലുമ്മ പകർന്നു കുളുർപ്പിയ്ക്കാൻ,

അവനിലുറങ്ങും താതനിലങ്ങിനെ
വളരുകയാണിന്നഭിലാഷം....

അകലത്തപ്പോളൊരു ചെറുകൂട്ടി–
ന്നകമേ മരുവും പെൺകുരുവി,

ചിറകിൻ ചൂടുപകർന്നാ മുട്ടകഠം
വിരിയാനായി ക്കൊതികൊള്ളും!

.... .... ....

ഒരു നാളവനെരിവെയ്ലത്തൊരു പൂ
വനിയിലിരുന്നു മയങ്ങുമ്പോഠം

പിന്നിൽ നിന്നിരുകൈകഠം നിശ്ശബ്ദം
വന്നുവരിഞ്ഞൂ തന്മെയ്യിൽ.

ചിറകിട്ടൊന്നു പിടഞ്ഞൂ ...പക്ഷേ
മുറുകീ ബന്ധന മന്നനിമിഷം....

.... .... .... ....

മിഴികഠം തുറന്നവ നിണയെത്തിരയാ;–
നരികിൽ കാട്ടുകളില്ലെങ്ങും.

അഴികഠം ചുററുമെഴുന്നൊരു കൂടി–
ന്നകമേ വീണു കിടപ്പൂ താൻ!

ഒരു പൊൻ തളികയിലരികത്തായി
പ്പഴവും പാലുമിരിയ്ക്കുന്നു

വിതുമ്പി നൊമ്പരമുള്ളിൽ, കണ്ണുകൾ
തുളുമ്പി വീണു നീർമണികൾ.
കരളിൻ കരളിനു നൽകാനോമൽ-
ക്കനികൾ തേടിപ്പോന്നു താൻ-

-തടവറതന്നിലമർന്നു കിടപ്പൂ
തകർന്നൊരഭിലാഷങ്ങളുമായ്!
നനഞ്ഞ നീലനിലാവിന്നലകൾ
നിറഞ്ഞു ചുററിലുമൊഴുകുമ്പോൾ

ഇണയെക്കാണാൻ ദാഹമിരമ്പും
കരളിൽ മൂകവിഷാദവുമായ്.
ഇരുമ്പുവേലിക്കൂടിനകത്തവ-
നിരിയ്ക്കു, മുഴറും കൺകളുമായ്,

വീണിഴ പൊട്ടിയൊരാത്മാവിൻ മണി
വീണയിലൂറും തേങ്ങലുകൾ
വിലയം കൊള്ളും യാമിനിതന്നുടെ
വിലോല മൂക ഹൃദന്തത്തിൽ!

''....മലരിക്കാട്ടില് മറഞ്ഞിരിയ്ക്കണ
മയിലാഞ്ചിക്കിളിയേ;
പറന്നുവാ നീയരികില്, ഞാനൊരു
പളുങ്കുമാല തരാം....''

നൊന്തുപിടയ്ക്കും സ്മരണകളിങ്ങനെ
മന്ത്രിക്കുന്നു നിശ്ശബ്ദം....
കരളിൻ കരളാം കുരുവിപ്പെണ്ണു-
ങ്ങകലത്തുള്ള മരക്കൊമ്പിൽ,

നക്ഷത്രങ്ങടെ നാട്ടുവെളിച്ചം–
കൈത്തിരി നീട്ട മിലക്കുട്ടിൽ
കാമുകനെക്കാത്തമരുകയാവാം
നോവിൻ നിഴലണിമിഴികളുമായ്....

വിരിഞ്ഞിരിക്കാമിപ്പോഠം മുട്ടകഠം
പിറന്നിരിക്കാം പൈതങ്ങഠം!
തടവറ തൻ കരിനിഴലിൽ നിന്നാ
താതഹൃദന്തം വിങ്ങുമ്പോഠം
വീണിഴപൊട്ടിയൊരാത്മാവിൻ മണി–
വീണയിലൂറും തേങ്ങലുകഠം!

.... .... ....

നാളുകളങ്ങിനെ കണ്ണീർമുത്തുകഠം
പോലെയടർന്നു പതിച്ചേറെ....
കുരുവിക്കിളിയെ കാണാൻ കൂട്ടി–
ന്നരികിലൊരോമൽ ചെറുപൈതൽ
ഒരുദിനമോടിയണഞ്ഞു. മുതിർന്നവ–
രൊരുവരുമപ്പൊഴടുത്തില്ലാ.

കുരുവിയൊടൊത്തു കളിപ്പാനോമൽ
ക്കരളിൽ കൗതുകമേറുകയാൽ
തുറന്നു കൂട്ടിൻവാതിൽ–പൈങ്കിളി
പറന്നകന്നൂ വാനത്തിൽ!

.... .... .... ....

ഒരു ഞൊടികൊണ്ടവനെത്തീ കരിനിഴൽ
നിറയുന്നോരാ താഴ്‌വരയിൽ
വള്ളോജ്ജ്വല മധുമാസം പൊയ്പോ–
യെങ്ങോ മാഞ്ഞുകഴിഞ്ഞല്ലോ.

താലപ്പൊലികളുയർത്താനില്ലാ
താരണിലതകൾ വഴിവക്കിൽ
പളുങ്കുചോലകൾ വററീ, താഴ്‌വര
വരണ്ടു വീണ്ടു കിടക്കുന്നു

കാനനമലരുകൾ കനലെരിവെയ്‌ലിൽ
കരിഞ്ഞുവീണു കിടക്കുന്നു
പറന്നുവന്നവനെത്തീ, തൻകൂ-
ടിരുന്ന വാകമരക്കൊമ്പിൽ.

ഇലകളൊരെണ്ണവുമില്ലവിടെ, ത്ത-
ന്നിണയും കൂടും കാണ്മീലാ
വിതുമ്പി നൊമ്പരമുള്ളിൽ, മിഴികൾ
തുളുമ്പി വീണു നീർമണികൾ.

.... .... ....

'മലരിക്കാട്ടില് മറഞ്ഞിരിക്കും
മയിലാഞ്ചിക്കിളിയേ!
പറന്നുവാ നീയരികില്-ഞാനൊരു
പളുങ്കുമാല തരാം....'

—രാവുകൾ തോറും കേൾക്കാമാ മല-
യോരത്തീമൃദു സംഗീതം
വീണിഴപൊട്ടിയൊരാത്മാവിൻ മണി-
വീണയിലൂറും സംഗീതം....!

....0....0....

**അമ്പലം —**

''കോവിലിലിലെന്നെക്കൂടാ-
    തമ്മപോയ്....'' ചിണുങ്ങിക്കൊ-
ണ്ടോമലെൻ പുലർകാല
    നിദ്രതൻ ചുണ്ടിൽമുത്തീ.

ഒരു പേക്കിനാവിൻെറ
    നീർച്ചുഴിക്കുത്തിൽ പിട-
ഞ്ഞുഴറുന്നൊരെന്നർദ്ധ–
    ബോധ ചേതന, താനേ

ആ മൃദുസ്വപ്നത്തിൻെറ
    പാഴ്ത്തുരുമ്പിന്മേൽ പിടി–
ച്ചാഴത്തിൽ നിന്നും പൊന്തി
    നില്ലുയായ് ഞൊടിനേരം!

പുലരിത്തുടുപ്പിന്റെ
പരിവേഷമോ, കോപ-
സ്ഫുരണം പുരട്ടിയ
കുങ്കുമ കുറിക്കൂട്ടോ

രക്തശോണിമ ചേർപ്പ—
തോമലിൻ മുഖ?-ത്തേതോ
ഭഗ്നമോഹത്തെച്ചൊല്ലി
ത്തേങ്ങിയാ കരാംവീണ്ടും.

''കോവിലിലെന്നെക്കൂടാ—
തമ്മ പോയ്—'' ചിരിപൊട്ടി
പ്പോയതൊട്ടമത്തീ ഞാൻ;
(അക്കുടം കവിഞ്ഞാലോ?)

''സാരമി,ല്ലമ്പോററിയെ
ക്കാണുവാനച്ഛൻ പൊന്നു
മോളെയും കൂട്ടിക്കൊണ്ടു
പോയിടുമല്ലോ നാളെ....''

കലങ്ങിത്തെളിയുന്നു
പൂങ്കവിരം, നീലക്കനി
ത്തിരിതൻ ജ്വാലാനാളം
നിന്നെരിയുന്നു കണ്ണിൽ!

പരിശുഷ്കമാം നിമി—
ഷങ്ങരം തൻ കരിയില
കുമിഞ്ഞൂ പകലന്തി—
യോളമെൻ മസ്തിഷ്കത്തിൽ.

അതിനുള്ളിലായ് നിന്നു
ഞെരുങ്ങുന്നൊരു പിഞ്ചു–
മലരിൻ നിഗൂഢമാം
സ്വപ്നം ഞാൻ മറന്നേ പോയ്

ചിന്തതൻ ഭാരംപേറി
ത്തളർന്നു മടങ്ങീ ഞാ–
നന്തിയിൽ, ശ്ലഥബന്ധ–
മാണെന്റെ സിരാചക്രം.

ഓമലാം കുതിച്ചെത്തീ
''കോവിലിൽ പോവാനെത്ര
നേരമാ, യച്ഛൻ വരാൻ
കാത്തു ഞാനിരിക്കുന്നൂ....''

ചെവിയിൽ വീ ു ാനാദം
വററിപ്പോയ്, ജ്വലിക്കുമെൻ
മിഴിയാൽ കരിഞ്ഞുപോ–
യാ മലരിതളുകൾ....

ഉള്ളിൽ നിന്നൊരു പൊട്ടി-
ക്കരച്ചിൽ, ''പെണ്ണേ തല്ലു–
കൊള്ളും....'' (അമ്മയും മോളും–)
സൈ്വരമില്ലല്ലോ വീട്ടിൽ!

.... .... ....

പുലർവേള തൻ തുടു–
പ്പാർന്ന കൈയുകൾ കൃഷ്ണ
ത്തുളസിത്തറയ്ക്കുമേൽ
പൂ നുള്ളി–നിരത്തുമ്പോൾ,

കണ്ടു ഞാൻ പിറേറന്നാളിൽ
        കുവളച്ചുവട്ടിലൊ–
രമ്പലം ചുടുകട്ട-
        ച്ചീളിനാൽ രൂപം കൊാംവൂ

പൂജാരിനില്പൂ തളിർ–
        ക്കുമ്പിളിൽ കണ്ണന്തളി–
പ്പൂക്കളും ചിരട്ടയിൽ
        പുണ്യതീർത്ഥവുമായി

തൊടിയിൽ കിടന്ന പാഴ്–
        ക്കല്ലു ദേവനായ്, മുന്നിൽ
കൊടിപാറുന്നു കാട്ടു–
        ച്ചുള്ളിതൻ ധ്വജാഗ്രത്തിൽ,

ഓമലിൻ ദേവന്നതാ
        മുഴക്കാപ്പണിയിപ്പൂ
തുവെളിച്ചത്തിൽ മഞ്ഞു
        ചാലിച്ച പുലരൊളി.

താമരമിഴിയിത–
        ളിത്തിരി കൂമ്പിച്ചു കൊ-
ണ്ടോമലാളതിൻ മുന്നിൽ
        ധ്യാനലീനയായ് നില്ക്കെ,

പണ്ടമ്മ പാടിത്തന്ന
        താരാട്ടു ശീലൊന്നെൻെറ
ചുണ്ടിലൂടോർമ്മയ്ക്കുള്ളി
        ലൂളിയിട്ടേവം പൊന്തീ;

''അമ്പോററിപ്പൊന്നുമോനേ,നിന്നെ ഞാ-
നമ്പോററീക്കൊണ്ടു പോവാം,
പൊന്നപ്പം വാങ്ങിത്തരാം-ഉറങ്ങുറ-
ങ്ങാരിരി ...രാ....രാ ..,രോ!....

എന്നുള്ളിൽ കുമിയുന്ന
പാഴ്ച്ചവറുകറുകളുള്ളിൽ
നിന്നൊരു തൊട്ടാവാടി
പ്പൂവിനു ചിരിപൊട്ടീ....

....0....0....

## ശബ്ദങ്ങൾ

ശക്തമായാർത്തു ചിറകടിച്ചെത്തുമീ
ശബ്ദങ്ങൾ വാരംമൂനക്കൊക്കു പിളത്തവേ

മൗനമധുരാർദ്രമാകുമെൻ സങ്കല്പ-
മഞ്ജരികളുള്ളിലൊളിക്കുന്ന മാത്രകൾ

വീണപിടഞ്ഞു മരിയ്ക്കയല്ലോ മമ-
പ്രാണനെച്ചൂഴുന്ന ജ്വാലാമുഖങ്ങളിൽ!

.... .... .... ....

കുപ്പിവള തൻ കിലുക്കങ്ങൾ മുത്തണി
ച്ചെപ്പുപോൽ ചിന്നിയെൻനെഞ്ഞിൽ തറയവേ

ഏതോ മധുരിയ്ക്കുമോർമ്മതന്ന സ്വപ്ന-
വേദന പൊട്ടിത്തരിപ്പൂ സിരകളിൽ.

അവ്യക്തമോരോ നിഴലുകരം പീലിനീ-
ത്താട്ടം മനസ്സിലെ യൂഷര ഭൂമിയിൽ
കാണ്മൂ വിദൂരമാം ചക്രവാളം—കരി—
ങ്കാറുകരം കാവലുനില്ക്കുന്ന ഗോപുരം!

അങ്ങുദിക്കാറുണ്ടുഷസ്സുകരം-എന്മൃദു
സ്വപ്നാനുഭൂതിതൻ ഹർഷാങ്കുരങ്ങളായ്
കൺ ചിമ്മിടും മുമ്പുവാടിക്കൊഴിയുമാ
ഭഗ്നമോഹങ്ങരം-ശരത്ക്കാല സന്ധ്യകരം!

ലക്ഷ്യമറിയാതുഴറിപ്പറക്കുമെ-
ന്നുരംത്തുടിപ്പിൻ ചിത്രവർണ്ണപതംഗികരം.
ആ വെളിച്ചത്തിൻ നരച്ചചിതയിൽ വീ—
ണാഹുതി ചെയ്യപ്പെടും പൊഴുതൊക്കെയും

ശബ്ദപ്രപഞ്ചമേ, നീയേകുമീ യഭി-
ശപ്തവിഷംമോന്തി ദാഹംകെടുത്തി ഞാൻ,
ചെമ്മുന്തിരിക്കുടം തുള്ളിത്തുളമ്പിച്ച
വന്നെത്തിടാറുണ്ടുഷഃസന്ധ്യയായി നീ.

അപ്പോരം, തണുപ്പാർന്ന
മൗനം തുടിയ്ക്കുന്നൊ—
രർദ്ധനിശീഥിതൻ
സ്വപ്നാലയങ്ങളിൽ....

വീണുവിലയിക്കു
മെൻ കണ്ണുനീരിൻെറ
മാണിക്യമുത്തിനെ
യോർത്തു തപിപ്പു ഞാൻ.

വെൺനുര ചിന്നി
　　പ്പതഞ്ഞൊലിയ്ക്കും കുളിർ-
വെണ്ണിലാച്ചോല തന്നാർപ്പമിരമ്പവും

വന്നലയ്ക്കുമ്പൊഴും ശൂന്യത തൻകൊച്ചു-
　　പർണ്ണകുടീരം രചിപ്പൂ മനസ്സിൽ ഞാൻ.
മൗനമധുര നിമിഷങ്ങൾ തൻലോല-
　　മർമ്മരം പൂ ചൂടു മാശ്രമവാടിയിൽ

താനേ മരിച്ചുവീഴുന്നു ഞാനുള്ളിലെ-
　　ഗ്ഗാനത്തിനനീണവും ശക്തിയും നൽകുവാൻ
സർഗ്ഗക്രിയയുടെ ഹോമാഗ്നി കുണ്ഡത്തി-
　　ലുൽക്കടം നീറി ഞാൻ കത്തിയടിയവേ,

അസ്ഥിബന്ധങ്ങളിൽ കൊത്തിവലിയ്ക്കുവാൻ
　　കൊക്കും പിളർത്തിവരുന്ന ശബ്ദങ്ങളേ,
ഇത്തിരിനേരമീ മൂകതതൻ സുഖ-
　　സുഷുപ്തിയിൽ മൂർഛരിച്ചു വീണുകൊള്ളട്ടെ ഞാൻ.

....0....0....

ഗാനം

ഇത്തിരി ത്തേനുണ്ടെന്റെ
 മനസ്സിൻ മലരല്ലി
 ച്ചെപ്പിലൊരോമൽക്കിനാ-
 വായി ഞാൻ സൂക്ഷിയ്ക്കുന്നൂ!....

യാമിനി വെളിച്ചത്തിൽ
 നറുമുന്തിരി നുക-
 ർന്നോമനക്കവിളാകെ
 ത്തുടുപ്പിച്ചുണർന്നപ്പോൾ

സർഗ്ഗവേദനയാർന്നു
 വിങ്ങുമെൻ ഞരമ്പിലൊ-
 രാംപ്പുളകത്തിൻ മഞ്ഞു-
 നീർത്തുള്ളി കിനിയവേ,

വിറകൊള്ളുമെൻ പിഞ്ചു
പൂവിതരംച്ചുണ്ടിന്നുള്ളി-
ലുറവിട്ടൊരു മൗന
സംഗീത മകരന്ദം

അല്ലികരംക്കള്ളിൽ നാണി-
ച്ചൊളിച്ചേൻ; വെളിച്ചത്തിൻ
വെള്ളിലക്കുരുവിക-
ളെങ്ങാനും കവന്നാലോ?

....                ....                ....

''അല്ലികരം വിടർത്താതെ
നില്പതെന്തു നീ?....'' തളിർ
ച്ചില്ലയിലിളംകാററിൻ
മർമ്മരമേവം പൊന്തീ

അത്ഥഗർഭമാമെൻെറ
മൗനത്തിൻ ചുണ്ടിൽ രാഗ-
മുദ്രകളർപ്പിച്ചേവം
വെയിലിൻ പൂമ്പാററകരം;-

''ഇത്തിരിപ്പൂവേ, കരം-
ച്ചിപ്പിയിൽ നീയേന്തുന്ന
സ്വപ്നത്തിൻ പൊന്മുത്തൊന്നു
കണ്ടുകൊള്ളട്ടേ ഞങ്ങരം....''

കലങ്ങിത്തുടുത്തെൻെറ
കണ്ണുകരം, അവരോടു
കലമ്പിപ്പറഞ്ഞു ഞാൻ
''കൂട്ടുവേണ്ടെനിയ്ക്കാരും....''

....  ....  ....

തിളയ്ക്കും വെയിലിൻെറ
പാല്ക്കിണ്ണം നരയേന്തി
ത്തുളമ്പും നേരത്തതിൻ
വക്കത്തു ചാഞ്ചാടീ ഞാൻ,

നറുവെണ്ണിലാവിൻെറ
പൊൻപോളപോലേ,....താനേ
യുറവിട്ടൊരു നേർത്ത
ഗാനപല്ലവി പോലെ!

ഒരു സ്വപ്നത്തിൻ മണി-
മുത്തുപോലപ്പോഴുമെൻ
കരളിൻ ചെപ്പിൽ നറും
തേൻകണം സൂക്ഷിച്ചു ഞാൻ.

....  ....  ....

നിദ്രതൻ വിജനമാം
തീരരേഖയിൽ മൗന
ദുഃഖത്തിൻ മാലാഖമാർ !
മിഴിനീർ തൂകും രാവിൽ

എന്നുള്ളിൽ വിളഞ്ഞപൊൻ-
മുത്തിനു സംഗീതത്തിൻ
പൊന്നിലച്ചിറകുക-
ളങ്കുരിച്ചൊരു നേരം.

നാദത്തിൻ കൈക്കുമ്പിളി–
ലാത്മാവിൽ നിന്നും വാന്ന
വേദനയുടെ നറും
തേൻകണം കൊത്തിക്കൊണ്ടേ

എന്തിനെന്നറിയാതെ
പാറിയങ്ങെത്തീ മലർ–
പൈങ്കിളിപ്പിടയായി–
ട്ടെന്നിൽനിന്നു ഞാൻ താനേ!...

....0....0....

## ഒരു മധുര വേദന

ആലസ്യമോടെ തളർന്നു കിടക്കുക
യാണു ഞാനിപ്പോൾ ചുളിവാർന്നമെത്തയിൽ!
ഉൽക്കടമാമൊരു ദാഹം സിരകളി–
ലഗ്നികണങ്ങൾ കൊളുത്തിപ്പടരവേ,

പൊട്ടിത്തുളുമ്പുവാൻ വെമ്പുകയായിരു-
ന്നിത്തിരി മുമ്പെൻ മനസ്സിന്റെ തേൻകുടം!
രോമകൂപങ്ങളിലിററു നിന്നു വേർപ്പു
നീരിലലിയുന്ന കോരിത്തരിപ്പുകൾ

രക്തധമനികൾക്കുള്ളിൽ മദംകൊണ്ടു
സ്വപ്നങ്ങൾ തെന്നിവഴുതിയൊഴുകവേ
ഏതോ ചുഴലിക്കൊടുംകാററിലെൻ ബോധ
ചേതന ചിന്നിച്ചിതറിപ്പറന്നുപോയ്

ഉണ്ടായിരുന്നെന്നി ലീ വിശ്വമൊന്നാകെ-
യുൾക്കൊള്ളുവാൻ പോന്ന ദാഹമാവേളയിൽ

....　　....　　....　　....

ആലസ്യമോടെ തളർന്നു കിടക്കുക
യാണു ഞാനീ മലർമെത്തയിലെങ്കിലും
പ്രാണനിലവ്യക്തമാ മൊരു സംഗീത-
മീണം പകർന്നു തുടിയ്ക്കുയാണിപ്പോഴും

അസ്പഷ്ടമാം വർണ്ണ ചിത്രങ്ങളോർമ്മ തൻ
ഭിത്തിയിൽ മിന്നിമറയുന്നിടയ്ക്കിടെ-
മാധുര്യമോലു മീയസ്വാസ്ഥ്യതയുടെ
മാറിലൊരിത്തിരി വീണുറങ്ങട്ടെ ഞാൻ

....0....

## കാവ്യനർത്തകി *

മൃദുവാമിതരംച്ഛണ്ഡ-
        ത്തമ്പിളി പകർന്ന ത്തു-
മധുരം നുണയുന്ന
        പാതിരാ മുകുളങ്ങരം
അറിയാതേതോ ഗാഢ
        വേദനയുടെ ബാഷ്പ-
മുറവിട്ടിടും ദള
        പാളികരം വിടത്തവേ
നറുവെണ്ണിലാവിൻെറ
        മുത്തുമാലകരം പൊട്ടി-
യുതിരുന്നൊരീ വന
        പുഷ്പ വീഥിയിലൂടെ,

---

* ചങ്ങമ്പുഴയുടെ ചരമവാർഷികത്തിനു് എഴുതിയതു്

കൂരളിൻ തിരത്തുമ്പി
ലോർമ്മതൻ ജ്വാലാനാള—
മെരിയിച്ചേൻ ജീവേശാ,
നിന്മുന്നിലെത്തുന്നു ഞാൻ.

നിന്മുളങ്കുഴലിന്റെ
നാദരേണുക്കൾ പൊൽപ്പൂ—
ങ്കിങ്ങിണിയണിയിച്ചോ
രോമന നികുഞ്ജങ്ങൾ

നോവുകളുടെ മൗന
ഗദ്ഗദം പൊഴിക്കുയാ—
ണാവില മെന്നുള്ളിലു—
മീമലർ വനത്തിലും!

ചന്ദന വനങ്ങളെ-
പ്പുൽകിയെത്തിയൊരിളം—
തെന്നൽ,ലിക്കിളി മാറി—
ലെത്രമേ ലുണർത്തീട്ടം

ഉൽക്കടവൈവശ്യമാ—
ന്നിങ്ങനെ നില്പൂ മൗന
മുദ്രിത ഭാവം പൂണ്ടു
പച്ചിലപ്പടർപ്പുകൾ.

ഉഡുരാജികൾ ദുഃഖ
തപ്തരായ് നിറബാഷ്പ—
മതിരും നയനങ്ങൾ
ചിമ്മുമീ രജനിയിൽ

അരളം നിലാവേററു
 നീയുറങ്ങീടുന്നൊരീ
കുഴിമാടത്തിനാത്മാ
 വെന്തിനോ സ്പന്ദിസ്സുവേ

ശോകസങ്കുലമൊരു
 ഗാനപല്ലവി പോലെ-
ന്നാകുല ഹൃദന്തരം
 വിതുമ്പി നില്പൂചാരേ....

....  ....  ....

മുഴവൻ വിരിയാത്ത
 മുകുളങ്ങളെ വിര-
ലുഴിയിച്ചുണർത്തുന്ന
 വാസന്ത സൗഭാഗ്യംപോൽ

എൻ കിനാവുകളുടെ
 ചില്ലുവാതിലിൻ പിന്നിൽ
മന്ദ്രസംഗീതം പൊഴി-
 ച്ചിന്നലെ വന്നു ഭവാൻ.

അർദ്ധസുഷ്പ്തിയിലെൻെറ
 ഹൃത്തുടിപ്പുകളുടെ
കല്പടവുകറം കട-
 ന്നവിടുന്നണയവേ,

മഴവിൽപ്പകിട്ടോലു-
 മെന്നന്തർ ഗൃഹത്തിലെ
മണിമഞ്ചത്തിൻ ചാരേ
 തെല്ലിട ഭവാൻ നില്ക്കേ

നിന്മുരളികാ നാദ
ധാരയെന്നാത്മാവിനു
ത്തുന്നിയൊരോമൽപ്പട്ടു
പൂന്തുകിൽ രോമാഞ്ചത്താൽ!

വിസ്മൃതിയുടെ ദിവ്യ
മേഖലയിലൂടൊരു
പൊന്മയൂഖമായെൻെറ
ചേതന നീന്തീ മന്ദം.

വശ്യമാം സംഗീതത്താ
ലാരചിച്ചു നീ ചുററും
വിശ്വസൗഭഗമല-
ച്ചാർത്തിടുമൊരു ലോകം....

പൂക്കുല കാററത്തുയ-
ലാടിടും വനാന്തങ്ങൾ,
രാക്കിളി ചിലയ്ക്കുന്നൊ-
രോമന നികുഞ്ജങ്ങൾ,

വെൺപളുങ്കരുവിതൻ
കവിളിൽ വിഭാതശ്രീ
കുങ്കുമം തൂവുംപോലെ
വിരിയും ചെന്താരുകൾ-

ളുത്തുക്കൾക്കണി നൃത്ത
മാടുവാൻ പൊൻ മണ്ഡപ-
മൊരുക്കി നില്ക്കും വന-
സാനുക്കൾ, കേദാരങ്ങൾ

–അഴകിൻ ലഹരിയി–
ലെന്നെ ഞാൻ മറന്നപ്പോ–
ളരികിൽ സംഗീതത്തി–
ന്നുറവായ് ജ്വലിച്ചു നീ–!

കനകച്ചിലങ്കകൾ
കോർത്തണിയിച്ചു നീയെൻ
കഴലിൽ; തരിവള
ചാർത്തിയെൻ കരങ്ങളിൽ !

നറുവെണ്ണിലാച്ചാറിൽ
മാരിവിൽക്കൊടി ചാലി
ച്ചെഴുതീ ചിത്രങ്ങൾ നീ
യെൻ വസ്ത്രാഞ്ചലങ്ങളിൽ.

നാദവും വെളിച്ചവും
തുടികൊട്ടവേ യൊരു
നാഗകന്യകയായ് ഞാൻ
മാസ്മര നൃത്തം വച്ചു

നിന്മുളങ്കുഴലിൻെറ
ലയ മാധുരി പക–
ന്നെൻ ചലനത്തിന്നാത്മ
ചൈതന്യമനുവേലം!

പ്രേമത്തിൻ കണിവിരു–
ന്നൊരുക്കം ഹൃദന്തങ്ങൾ-
ക്കോമന പ്രചോദന
മായി ഞാൻ വികസിച്ചു.

Jawahar Balbhavan & Children's Library,
KOTTAYAM.

വേദന തീ[illegible]ന്ന
ജീവിതസാനുക്കളിൽ
ശീതള സുധാ ജല
ധാരകാം വർഷിച്ചു ഞാൻ

എൻ ചിലങ്കതൻ മണി-
നിസ്വനം കോക്കെ, കുളി-
രങ്കുരിച്ചല്ലോ കാട്ടു
പുൽക്കൊടിത്തുമ്പിൽപോലും...

മമനൃത്തത്തിൻ പശ്ചാ-
ത്തലമായൊരുക്കി നീ
മധുമാസശ്രീ പുൽകി
നില്ക്കുമാ വൃന്ദാവനം

അതിധന്യകളാകു-
മുഗ്ദ്ധകന്യകമാരെ-
ന്നരികിൽ മണിവീണ
മീട്ടുവാനണയവേ

ചുററില്ലു മണിചേർന്നു
കൈമണി കിലുക്കുവാ-
നപ്സര രമണിമാ
രെത്ര പേർ നിരന്നീല!

.... .... ....

മുഴമിച്ചീലാ ഞാനെൻ
നത്തനം നിൻവേണുവി-
ലുറവിട്ടൊരാ ഗാന
സ്പന്ദനം നിലയ്ക്കയാൽ

(മൃദുതന്ത്രികൾ തെല്ലു
        മുറുകിത്തുടിയ്ക്കവേ
ശിഥിലീകൃതമായീ
        നിന്മനോവിപഞ്ചിക!....)

മിഴിനീരരുവിയിൽ
        താമരപ്പൂവായ് പൊട്ടി
വിരിഞ്ഞ നിൻ ജീവിത
        സംഗീതം പൊലിയവേ,

നിഴലിൽ മയങ്ങുന്നൊ
        രസ്ഥിമാടത്തിന്നുള്ളി-
ലൊരുഗദ്ഗദധ്വനി
        പോലെ നീ വിലയിച്ചു,

ഉൾത്തടം വിമ്മിപ്പൊട്ടി
        വിതുമ്പിക്കൊണ്ടീ കാവ്യ
നർത്തകിയൊരു ദുഃഖ
        സാഗരംപോലേ നിന്നു....

....        ....        ....

ളുത്തുക്കൾ കണ്ണീർത്തൂകി
        ട്ടന്നൊരീ മൺമാടത്തി-
ലിതൾ വാടിയ വന
        ചന്ദ്രിക ചിതറവേ,

കരളിൻ തിരിത്തുമ്പ-
        ത്തോർമ്മ തൻ ജ്വാലാനാള-
മെരിയിച്ചൊരീ കൊച്ചു
        മൺവിളക്കുമായിതാ

ഭാവനാ പ്രപഞ്ചത്തിൽ
        വച്ചു നീ രൂപം തന്ന
കാവ്യ നർത്തകി, തവ
        കണ്മണി നില്പൂ, ദേവാ!

....0....0....

## അന്ത്യയാമത്തിൽ
## വിരിഞ്ഞ പൂവ്

''ഉത്രാടരാവിൻ
    മനസ്സിലൊരവ്യക്ത-
ദുഃഖസ്മൃതി പോ-
    ലുണർന്നു ഞാൻ നില്ക്കവേ
എന്നിളംചുണ്ടിൽ
    പകർന്നതാരീ മധു
ബിന്ദുതുളിസ്സുന്നൊ-
    രാർദ്രമാം ചുംബനം?
മണ്ണിൽ വിളഞ്ഞ
    നിലാത്തിരിച്ചെണ്ടുപോ-
ലങ്കുരമാർന്നീ മല-
    രങ്കണത്തിൽ ഞാൻ.

'ഓണംവരുന്നു'വെ
ന്നെൻ മൗനഭാഷയി-
ലോതുവാനൃഴിയം
തെററാതെയിന്നലെ!

ജാലകവാതിലി-
നുള്ളിലാ മച്ചിലെ
ച്ഛായം പുരട്ടിയ
ചില്ലുചിത്രങ്ങളിൽ
ഞാലും കടലാസു
പൂക്കളിൽ കണ്ടുഞാ-
നൂറും പരിഹാസ
ഹാസമാ വേളയിൽ
കണ്ണുഞ്ചിട്ടും നിയോൺ
ദീപപ്രഭയേററു
വെണ്ണിലാവിൻ മുഖം
വാടിക്കരിയവേ

റേഡിയോ തൂകും
സ്വനമേററു പാതിരാ-
പ്പാടി തൻ ഗാനം
ഞെരിഞ്ഞതു കേട്ടു ഞാൻ!
മാവേലിനാടിൻെറ
പൂവിളിപ്പാട്ടുകറം-
ക്കാലോല മൂഞ്ഞാ
ലൊരുക്കുമെന്നല്ലിയിൽ

ൂരേ ക ിവാർന്നു
　　ചുംബിപ്പൂ? , താനന്ദ–
പാരവശ്യത്താൽ
　　മതി മറക്കുന്നു ഞാൻ!''

.... .... ....

ഏതോ വ്യഥതൻ
　　നിഴലുപോൽ നിന്നുകൊ–
ണ്ടോതീ കവി
　　ഹൃൽത്തുടിപ്പിൻെറ ഭാഷയിൽ:-

''യാമിനി തന്നന്ത്യ
　　യാമത്തിലേകാന്ത
രോമഹർഷം പോ–
　　ലുണരുന്ന പുഷ്പമേ,

നിർമ്മൗന നിശ്വാസ
　　സൗരഭധാരയേ–
ററുന്മദം കൊള്ളു–
　　മൊരു മലർത്തുമ്പിയായ്,

മൂളിപ്പറന്നു കൊ
　　ണ്ടെത്തുന്നു, തെററിയ
താളമോടെൻ നെഞ്ചിൽ
　　നിന്നൊരു ഗദ്ഗദം ....!

പാണൻെറ പാട്ടിലു,
　　മൂഞ്ഞാൽക്കളിങ്ങളി–
ലീണം പകർന്നിട്ടു–
　　മാർപ്പുവിളിയിലും–

നിന്നുയിരാർന്നൊരാ
സംഗീത നിർഝരി-
യിന്നൊരവ്യക്തമാം
തേങ്ങലാണോർമ്മയിൽ....

.... .... ....

എങ്കിലു, മുത്രാട
പുഷ്പമേ നീ ശതാ-
ബ്ദങ്ങളാം തൻ ചില്ലയിൽ
പുഞ്ചിരിക്കൊള്ളവേ,
ഊറുന്നു വീണ്ടുമാ
ഗാനം കവിയുടെ
പാഴ്മുളം തണ്ടി,ലീ
മണ്ണിന്റെ ചുണ്ടിലും!

— ★ —

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
( A PROJECT OF KOTTAYAM PUBLIC LIBRARY)

Cl.No. MA-10 Acc. No. 5166

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

MA10 ക166

MA10

സോമരാജൻ
ഏറ്റുമാനൂർ

അന്ത്യയാമത്തിൽ
വിരിഞ്ഞ പൂവ്

ക166